Bringing You Closer to God
LANDWAY
RNI-KERBIL/2015/62054

# ലാൻഡ്‌വേ ന്യൂസ്

10 JULY 2016

www.landwaynews.com email: landwaynews@gmail.com

Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.

Published From Pathanamthitta • Volume No. 2, Issue No. 7 • Pages 8 • Price: Rs. 10/-

## ഹോസ്പിറ്റൽ മിനിസ്ട്രിസ് ഇന്ത്യ കർണാടക റീജിയൻ ഭാരവാഹികൾ

**ചാക്കോ കെ. തോമസ്**

ബെംഗളൂരു: ഇന്ത്യയിലെ വിവിധ ക്രൈസ്തവ പെന്തക്കോസ്ത് സഭാവിഭാഗങ്ങൾ ഒരുമിച്ച് നേതൃത്വം കൊടുക്കുന്ന ഹോസ്പിറ്റൽ മിനിസ്ട്രിസ് ഇന്ത്യയുടെ കർണാടക റീജയന്റെ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രശസ്ത എഴുത്തുകാരനും ഐ.പി.സി സീനിയർ ശുശ്രൂഷകനുമായ പാസ്റ്റർ ജോൺ മാത്യു (കോർഡിനേറ്റർ), പാസ്റ്റർ കെ. ജെ. മാത്യു (അസി. കോർഡിനേറ്റർ), ഗിൽഗാൽ ഗ്ലോബൽ വർഷിപ്പ് സെന്റർ പ്രസിഡന്റ് ഇവാഞ്ചലിസ്റ്റ് ജസ്റ്റിൻ കോശി (ജനറൽ സെക്രട്ടറി), ബ്രദർ മാത്യു സാമുവേൽ (ജോ.സെക്രട്ടറി), ബ്രദർ ജോയി പാപ്പച്ചൻ (ട്രഷറാർ), പാസ്റ്റർ ജെയിംസ് സാമുവേൽ (ജോയിന്റ് ട്രഷറാർ), പാസ്റ്റർ കെ. വി. ജോസ് (ചാരിറ്റി ലീഡർ) എന്നിവരെയും തെരഞ്ഞെടുത്തു. കഴിഞ്ഞ മുപ്പതിലധികം വർഷങ്ങളായി ആതുരസേവന രംഗത്ത് ദേശീയ തലത്തിൽ ശ്രദ്ധയാകർഷിച്ച സംഘടനയാണ് ഹോസ്പിറ്റൽ മിനിസ്ട്രീസ് ഇന്ത്യ. വിവിധ സഭകളെ പ്രതിനിധീകരിച്ച് പാസ്റ്റർ ടി.ഡി. തോമസ് (ഐ.പി.സി. കർണാടക സ്റ്റേറ്റ് പ്രസിഡന്റ്), പാസ്റ്റർ എം. കുഞ്ഞപ്പി (അഡ് മിനിസ്ട്രേറ്റർ, ചർച്ച് ഓഫ് ഗോഡ്, കർണാടക), ഡോ. ജോൺ താന്നിക്കൽ (ന്യൂ ലൈഫ് ബൈബിൾ സെമിനാരി), എന്നിവരെ രക്ഷാധികാരികളായും നിയമിച്ചു. ഹൊരമാവ് ഐ.പി.സി ഹെഡ്ക്വാർട്ടേഴ്‌സിൽ നടന്ന യോഗത്തിൽ ഹോസ്പിറ്റൽ മിനിസ്ട്രീസ് ഇന്ത്യ ദേശീയ ഡയറക്ടർ പാസ്റ്റർ എം. പി. ജോർജ്ജുകുട്ടി, അസോസിയേറ്റ് ഡയറക്ടർ ജോൺ. പി. നൈനാൻ, വിവിധ സഭാ പ്രതിനിധികൾ എന്നിവരുടെ സാന്നിധ്യത്തിലാണ് പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തത്.


പാസ്റ്റർ ജോൺ മാത്യു


ജെസ്റ്റിൻ കോശി


ജോയി പാപ്പച്ചൻ

## ക്രൈസ്തവ എഴുത്തുപുര മീഡിയ ഇന്റർനാഷണലിന് പുതിയ സാരഥികൾ

പത്തനംതിട്ട: ആഗോള ക്രൈസ്തവ എഴുത്തുകാരുടെ കൂട്ടായ്മയായ ക്രൈസ്തവ എഴുത്തുപുര മീഡിയ ഇന്റർനാഷണലിന്റെ 2016-2017 വർഷത്തെ ഭാരവാഹികളായി ഫിന്നി കാഞ്ഞങ്ങാട് (ജനറൽ പ്രസിഡന്റ്), ബിനു വടക്കുംചേരി, ഷിബു തരകൻ (വൈസ് പ്രസിഡന്റുമാർ), ജെ. പി. വെണ്ണിക്കുളം (ജനറൽ സെക്രട്ടറി), ജോഷി കുര്യൻ (അസ്സോ. സെക്രട്ടറി), ജോൺസൺ വെടിക്കാട്ടിൽ (ജനറൽ ട്രഷറാർ), ജിൻസ് കെ. മാത്യു (അസ്സോ. ട്രഷറാർ), ജോഷിൻ ജോയ് (പി.ആർ.ഒ.), രതീഷ് ഏലപ്പാറ (പത്രം), ജോസ്‌ലിൻ ജോസഫ് (വെബ് സൈറ്റ്), എബിൻ ജോർജ്ജ് (മ്യൂസിക് & മീഡിയ), ഷൈജു മാത്യു (ചാരിറ്റി) എന്നിവരെ തെരഞ്ഞെടുത്തു.


ഫിന്നി കാഞ്ഞങ്ങാട്


ജെ. പി. വെണ്ണിക്കുളം


ജോൺസൺ വെടിക്കാട്ടിൽ

## ന്യൂ ജനറേഷൻ പേരന്റിങ്ങ് സെമിനാർ നടത്തപ്പെട്ടു





ഷാർജ: കോർഫക്കാൻ എൻലൈറ്റൻ സഭയുടെ ആഭിമുഖ്യത്തിൽ പേരന്റിങ്ങ് സെമിനാർ നടത്തപ്പെട്ടു. "ന്യൂ ജനറേഷൻ കുട്ടികളും പേരന്റിങ്ങിലെ മനശാസ്ത്രസമീപനവും" എന്ന വിഷയത്തിൽ എഴുത്തുകാരനും പ്രഭാഷകനുമായ ഡഗ്ലസ് ജോസഫ് ക്ലാസ് നയിച്ചു. കുട്ടികളിലെ പെരുമാറ്റവൈകല്യങ്ങൾ അവഗണിച്ചാൽ ഭാവിയിൽ അവർ കുറ്റവാളികളും, സാമൂഹ്യവിരുദ്ധരും ആയിത്തീരാൻ ഇടയാകുമെന്ന് അദ്ദേഹം ക്ലാസുകളിൽ പറഞ്ഞു. കുട്ടികൾ നേരിടുന്ന മാനസികവും, ശാരീരികവുമായ പ്രശ്നപരിഹാരത്തിൽ മാതാപിതാക്കളും അധ്യാപകരും, ആത്മീയ ആചാര്യന്മാരും കൂട്ടായി ശ്രമിക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. പാസ്റ്റർ ഷാജി മാത്യൂസ് ആമുഖ സന്ദേശം നൽകി.

## നോർത്തമേരിക്കൻ സമ്മേളനം സൗത്ത് ഫ്ളോറിഡയിൽ

അമേരിക്ക: നോർത്ത് അമേരിക്കയിലുള്ള ഇൻഡ്യാ പെന്തെക്കോസ്തു ദൈവസഭകളുടെയും ശുശ്രൂഷകരുടെയും അടുത്ത കോൺഫറൻസ് 2017 ലെ ഐ.പി.സി ഫാമിലി കോൺഫറൻസിനോടനുബന്ധിച്ച് നടത്താൻ ഡാളസിൽ നടന്ന ഐ.പി.സി പാസ്റ്റേഴ്സ് ആന്റ് ലീഡേഴ്സ് കോൺഫറൻസിൽ തീരുമാനമായി. കോൺഫറൻസ് കോർഡിനേറ്ററായി ഐ.പി.സി ഈസ്റ്റേൺ റീജിയൺ പ്രസിഡന്റായ പാസ്റ്റർ ഇട്ടി ഏബ്രഹാമിനെ തെരഞ്ഞെടുത്തു. സമ്മേളനത്തിനു മുന്നോടിയായി നോർത്ത് അമേരിക്കയിലുള്ള ഐ.പി.സി യുടെ അഞ്ചു റീജിയനുകളിലെ എക്സിക്യൂട്ടീവ് അംഗങ്ങളുടേയും കൗൺസിൽ അംഗങ്ങളുടേയും സംയുക്ത മീറ്റിംഗ് സൗത്ത് ഫ്ളോറിഡയിൽ നടക്കും.

## പ്രസ്താവന



പ്രിയ ദൈവദാസന്മാർക്കും ദൈവമക്കൾക്കും വന്ദനം!

ദൈവസഭയിൽ അദ്ധ്യക്ഷന്മാരെ ആക്കിവയ്ക്കുന്നത് പരിശുദ്ധാത്മാവാണെന്ന് ഞാൻ വിശ്വസിക്കുന്നു. ആ വിശ്വാസത്തിലാണ് വളരെ പ്രാർത്ഥിച്ചശേഷം ഞാൻ സ്നേഹിക്കുകയും വ്യത്യസ്ത നിലകളിൽ നേതൃത്വം നൽകുകയും ചെയ്തിട്ടുള്ള ഐ.പി.സി യിൽ 2016 ആഗസ്റ്റ് 10 ന് നടക്കുന്ന ജനറൽ എക്സിക്യൂട്ടീവ് തെരഞ്ഞെടുപ്പിൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് എന്റെ പേര് നൽകിയിരിക്കുന്നത്. ദൈവം എന്നെ ആ സ്ഥാനം ഭരമേൽപ്പിച്ചാൽ എന്തുചെയ്യുമെന്ന് ചിന്തിച്ചപ്പോൾ മനസ്സിൽ ഉരുത്തിരിഞ്ഞുവന്ന ചില ആശയങ്ങൾ താഴെ കൊടുക്കുന്നു.

1. ജനറൽ കൗൺസിൽ മീറ്റിംഗുകൾ ക്രമീകൃതമാക്കുക. കൂടെ കൂടെ ചെറിയ കാര്യങ്ങൾക്ക് മീറ്റിംഗുകൾ വിളിച്ചുകൂട്ടുന്നത് നിർത്തിയിട്ട് വിദേശത്ത് നിന്നുള്ള പ്രതിനിധികളെക്കൂടി പങ്കെടുപ്പിക്കുന്ന രീതിയിൽ മുൻകൂട്ടി തീരുമാനിക്കുന്ന തീയതികളിൽ (മൂന്നുമാസത്തിൽ ഒരിക്കൽ) മാത്രം കൗൺസിൽ കൂടുക. കൂടുമ്പോൾ രണ്ട് ദിവസം എല്ലാ പ്രതിനിധികളും പങ്കെടുത്ത് വിഷയങ്ങൾക്ക് പരിഹാരം ഉണ്ടാക്കി മാത്രം പിരിയുക.

2. വർഷത്തിൽ ഒരിക്കൽ എല്ലാ സ്റ്റേറ്റ്/റീജിയൻ എക്സിക്യൂട്ടീവ് അംഗങ്ങളും ജനറൽ എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്നുള്ള ഉന്നതതല സമ്മേളനം വിളിച്ചുകൂട്ടുക.

3. കുമ്പനാട്ട് ഇപ്പോൾ തുടങ്ങിയിട്ടുള്ള പ്രൊജക്ടുകൾ പൂർത്തീകരിക്കുന്നതോടൊപ്പം റിയൽ എസ്റ്റേറ്റ് പരിപാടികൾ നിർത്തുകയും സുവിശേഷീകരണത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുകയും ചെയ്യുക.

4. അടുത്ത തലമുറയുടെ ആവശ്യങ്ങൾക്ക് കൂടുതൽ ശ്രദ്ധ ചെലുത്തുക.

5. ഐ.പി.സി പോലെ ശക്തമായ തദ്ദേശ പെന്തെക്കോസ്തു പ്രസ്ഥാനങ്ങൾ അനേക രാജ്യങ്ങളിലുണ്ട്. അവരുമായി സഹോദരസഭ ബന്ധം സ്ഥാപിക്കുക. നമ്മുടെ ആളുകൾക്ക് ആ രാജ്യങ്ങളിലുള്ള സഭകളിലും അവിടെയുള്ള അഭിഷക്തന്മാരായ ദൈവദാസന്മാർ നമ്മുടെ സഭകളിലും ശുശ്രൂഷിക്കുവാൻ അവസരങ്ങൾ ഉണ്ടാക്കുക.

6. ദശവഷങ്ങൾ വിശ്വസ്തതയോടെ ശുശ്രൂഷിച്ച അശരണരായ ശുശ്രൂഷകർക്ക് താമസ സൗകര്യവും, അവസാനകാലങ്ങൾ കഴിക്കേണ്ടി വരുന്നവർക്കുവേണ്ടി റിട്ടയർമെന്റ്ഹോമുകൾ തുടങ്ങുക.

7. കേരളത്തിലെന്നപോലെ ഉത്തരേന്ത്യൻ വേലക്കാരെയും കരുതുക. കേരളത്തിലേക്കാളുപരി ജീവനെ പണയം വെച്ചും ഐ.പി.സി യുടെ വേലക്കാരായിരിക്കുന്നവരെ കരുതേണ്ടതും സഭയുടെ ഉത്തരവാദിത്വം ആണ്.

8. കുമ്പനാട്ട് കൺവൻഷൻ പോലെ, ഉത്തരേന്ത്യയിലുള്ള നമ്മുടെ ആയിരക്കണക്കിന് സഭകൾക്കായി ഐ.പി.സി. ഉത്തരേന്ത്യൻ ജനറൽ കൺവൻഷൻ ആരംഭിക്കുക. അവരാരും കുമ്പനാട്ട് വരുന്നില്ലല്ലോ.

9. നമ്മുടെ യുവജനങ്ങളുടെ ഊർജ്ജവും ചങ്കൂറ്റവും സമൂഹത്തിന്റെ നന്മയ്ക്ക് നൽകുന്ന പരിപാടികളിലേക്ക് തിരിച്ചുവിടുക.

10. സഭയ്ക്ക് വ്യക്തവും ശക്തവുമായ ഒരു ഐ.റ്റി. ഡിപ്പാർട്ട്മെന്റ് ആരംഭിക്കുക.

11. സഭയുടെ വെബ്സൈറ്റ്, ഫേസ്ബുക്ക്പേജ്, ടിറ്റർ അക്കൗണ്ട് തുടങ്ങിയവയെല്ലാം ചുമതലപ്പെട്ടവർ മാത്രം കൈകാര്യം ചെയ്യുക.

12. ഐ.പി.സി യുടെ പ്രസിദ്ധീകരണ പതിപ്പുകൾ ആരംഭിക്കുക. (മലയാളം - ഇംഗ്ലീഷ്, തമിഴ് - ഇംഗ്ലീഷ്, തെലുങ്ക് - ഇംഗ്ലീഷ്, ഹിന്ദി - ഇംഗ്ലീഷ്) പത്രപ്രവർത്തന പരിചയമുള്ള ആളുകളെ കണ്ടെത്തി അതിന്റെ ഉത്തരവാദിത്വം ഏല്പിക്കുക.

13. ഐ.പി.സി. യിലെ വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.

14. വിവാഹത്തിന് മുമ്പ് കൗൺസിലിംഗ് ഐ.പി.സി.യിൽ നിർബന്ധിതമാക്കുക. അത് സാദ്ധ്യമാക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുക.

15. അടുത്ത ജനറൽ ഇലക്ഷനിൽ ലോകമെങ്ങും ചിതറികിടക്കുന്ന ഐ.പി.സി അംഗങ്ങൾക്ക് വോട്ടുചെയ്യുവാനുള്ള മാർഗ്ഗങ്ങൾ ഉറപ്പാക്കുക.

ഈ എളിയവർ ഐ.പി.സി.യുടെ വൈസ് പ്രസിഡന്റ്സ്ഥാനത്തെത്തുന്നത് സഭയ്ക്ക് നന്മയായി ഭവിക്കും എന്ന് വിശ്വസിക്കുന്നുവെങ്കിൽ എനിക്ക് ഒരു അവസരം തരിക. ദയവായി എനിക്കായി പ്രാർത്ഥിക്കുക.

**ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ**
**പാസ്റ്റർ സണ്ണി ഫിലിപ്പ്**

**LANDWAY NEWS**

**EDITORIAL BOARD**

*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara

**Address:**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 120
USA: Dollars - 50
UK: Pounds - 25
Gulf: Rs. 2000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55



സന്തോഷ് പന്തളം

# കാഴ്ചയ്ക്കപ്പുറമൊരു നിത്യ നഗരം

നാം നഗ്നമായി കാണുന്ന കണ്ണുകൊണ്ട് കാണാത്ത മറ്റൊരു ലോകം മറഞ്ഞിരിപ്പുണ്ടോ? പലരുടേയും ഉത്തരം കിട്ടാത്ത ഒരു ചോദ്യമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. നമ്മുടെ കാഴ്ചകൾപ്പുറം മറ്റൊരു നിത്യമായ നഗരം മറഞ്ഞിരിപ്പുണ്ട്. ചിലർ സ്വദേശംവിട്ടു വിദേശങ്ങളിലേക്ക് കാഴ്ചകാണാനും തീർനത്ഥാടനത്തിനും പോകുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഈ യാത്രകളെ വിവിധ പേരുകളിലാണ് അറിയപ്പെടുന്നത്. വിശുദ്ധ സ്ഥലമെന്നും, പുണ്യസ്ഥലങ്ങളെന്നും, വിശുദ്ധനാടെന്നും, തീർത്ഥാടനമെന്നുമെക്കെ പേർ പറയപ്പെടുന്നു.

ചിലർക്ക് ഈ യാത്രകളെല്ലാം അൽപശ്വാസം ലഭിച്ചേക്കാം പക്ഷേ നിത്യമായ ഒരു ശാന്തിയോ സമാധാനമോ ഒരിക്കലും ആർക്കും ഒരിടത്തും ലഭിക്കുകയില്ലാ എന്നത് സത്യമായ കാര്യമാണ്. കാരണം ഈ ലോകം നശ്വരമാണ്. ഈ ലോകത്തിൽ നിന്നും ഒരു നാൾ നാം കാണാത്ത കാഴ്ചയ്ക്കപ്പുറം അനശ്വരമായ നാട്ടിലേക്ക് യാത്രതിരിക്കേണ്ടവരാണ്. നമ്മുടെ ജീവിതത്തിൽ സംഭവിച്ചിട്ടുള്ള ഈ ലോകപ്രവർത്തികൾക്കനുസരിച്ച് പ്രതിഫലം അവിടെ ലഭിക്കും.

ചിന്തിക്കുക; പണക്കാരൻ, പാവപ്പെട്ടവൻ, വിദ്യാഭ്യാസമുള്ളവൻ, ഇല്ലാത്തവൻ, ഭംഗി, വർഗ്ഗ വേർതിരിവ് ഇല്ലാതെ ഇവിടെ നിന്നും യാത്രതിരിക്കുന്ന ആ ദിവസം ഇന്നലയെക്കാൾ ഇന്ന് നമ്മുടെ മുമ്പിൽ അടുത്തുവന്നുകൊണ്ടിരിക്കുന്നു. ഈ കാണുന്നതോ നശ്വരം കാണാത്തതോ നിത്യമെന്നാണ് ദൈവവചനം നമ്മെ പഠിപ്പിക്കുന്നത്. ഈ ലോകം നമ്മുടെ ശാശ്വത സ്ഥലമല്ല എന്ന് ഓരോ നിമിഷവും ഓർക്കുകയും കഴിയുമെങ്കിൽ ഇടക്കിടക്ക് വായ് തുറന്ന് വ്യക്തമായി പറയുന്നതും നന്നായിരിക്കും.

ഈ ലോകത്തിൽ വാങ്ങിക്കുന്ന മിക്ക സാധനങ്ങൾക്കും നാം നിതുകി കൊടുക്കുന്നവരാണ്. നമ്മുടെ വീടിന്, വസ്തുവിന്, സാധനങ്ങൾക്ക് തുടങ്ങി എല്ലാറ്റിനും നികുതി കൊടുത്തുകൊണ്ടേയി രിക്കുന്നു. പക്ഷേ നമ്മുടെ കരം മാത്രം നാം ആരും കൊടുക്കുന്നില്ല. വസ്തുവിന്റെ കരം നാം കൊടുക്കുന്നുവെങ്കിലും ആ കരത്തിന്റെ യഥാർത്ഥ പേര് 'പണ്ടാരക്കരം' എന്നതാണ്. ഇതിന് അർത്ഥം പണ്ട് ഉണ്ടായിരുന്ന ആരുടെയോ കരം നാം കൊടുക്കുന്നു. നമ്മുടെ കരം മറ്റാരെങ്കിലും കൊടുക്കുമെന്നതാണ്. ഈ കരം വ്യക്തമായി വിളിച്ചു പറയുന്നു നിന്റെ സ്ഥലവും രാജ്യവും ഇവിടെയല്ല നീ ഒരു തീർത്ഥാടനത്തിന് ഈ ഭൂമിയിൽ വന്നവൻ മാത്രം എന്നത്രേ.

**ആകയാൽ സഹോദരങ്ങളെ, ഈ കാണുന്ന പലതിലും ആശ്രയം വക്കാതെ ദൈവവുമായി ഓരോ നിമിഷവും അടുക്കുക പ്രാർത്ഥിക്കുക. യേശുക്രിസ്തുവിനെ രക്ഷകനും നാഥനുമായി നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിച്ച് മുമ്പോട്ട് പോയാൽ നാം കാണാത്ത കാഴ്ചക്കപ്പുറമുള്ള നിത്യസ്വർഗ്ഗം നമുക്ക് ലഭിക്കും.**

ആർക്കും ഒന്നിലും പുകഴുവാനോ ആശ്രയിക്കുവാനോ യാതൊരു നിർവ്വാഹവും ഇവിടെയില്ല. ഈ ലോകം വരുംകാലങ്ങളിൽ കത്തി എറിയുവാൻ വേണ്ടി തീക്കായി കാത്തിരിക്കുന്നു. പൂർവ്വികർ പറഞ്ഞിരിക്കുന്നതുപോലെ 'മക്കളിലും മാമ്പൂവിലും' ഒരിക്കലും പ്രതീക്ഷവയ്ക്കരുത്. പ്രതീക്ഷ വയ്ക്കുവാനും ആശ്രയിക്കുവാനും ഒരുവാൻ മാത്രമേയുള്ളു അത് കർത്താവായ യേശുക്രിസ്തു മാത്രം. നമ്മെക്കാൾ മിടുമിടുക്കർ ഈ ലോകത്തിൽ ജനിച്ച് ജീവിച്ച് എന്തെല്ലാം ചെയ്തുകൂട്ടി എന്ന് പുറകോട്ട് തിരിഞ്ഞു ചിന്തിച്ചു നോക്കു; ഇന്ന് നാം യാത്ര ചെയ്യുന്ന റോഡുകളിൽ പലതും 200, 300 വർഷങ്ങൾക്ക് മുമ്പ് പണിതതും അതിൽ കൂടി നാം യാത്ര ചെയ്യുന്നവരുമാണ്. പിന്നീട് വന്നവർ അതാത് സമയങ്ങളിൽ പുനഃപരിപാടികൾ നടത്തിയിട്ടുണ്ട് എന്നത് നിരാകരിക്കാൻ പറ്റുകയില്ല. ഈ റോഡുകൾക്കുവേണ്ടിയും രാജ്യങ്ങൾക്കുവേണ്ടിയും പ്രവർത്തിച്ചാൽ എവിടെ? അവർ ഉപയോഗിച്ച പലതും ഈ ലോകത്തിൽ ഉപേക്ഷിച്ചിട്ടു പോയില്ലേ?

ആകയാൽ സഹോദരങ്ങളെ, ഈ കാണുന്ന പലതിലും ആശ്രയം വക്കാതെ ദൈവവുമായി ഓരോ നിമിഷവും അടുക്കുക പ്രാർത്ഥിക്കുക. യേശുക്രിസ്തുവിനെ രക്ഷകനും നാഥനുമായി നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിച്ച് മുമ്പോട്ട് പോയാൽ നാം കാണാത്ത കാഴ്ചക്കപ്പുറമുള്ള നിത്യസ്വർഗ്ഗം നമുക്ക് ലഭിക്കും. നാം തമ്മിൽ തമ്മിൽ മറ്റുള്ളവർക്ക് ആശ്വാസം കൊടുക്കുന്നവരും സ്നേഹിക്കുന്നവരും ആയിത്തീരട്ടെ.

Youth

# മാതാപിതാക്കളും മക്കളും മനസ്സിലാക്കേണ്ട സത്യങ്ങൾ

വാത്സല്യ മാതാപിതാക്കളെ, നിങ്ങളുടെ ബാല്യത്തിൽ നിങ്ങൾ ചെയ്തിരുന്ന തെറ്റുകൾ നിങ്ങളുടെ മക്കൾ ചെയ്യുന്നുവോയെന്ന് നിങ്ങൾ നോക്കിയിട്ടുണ്ടോ!!! ചിലപ്പോൾ നിങ്ങൾ പറയും എന്റെമക്കൾ നല്ലതാണ് എന്ന്. മിക്കവരിലും ശരിയും തെറ്റും വന്നേക്കാം. മക്കൾ മാതാപിതാക്കളെ മാതൃകയാക്കണം എന്നുണ്ടെങ്കിൽ എല്ലാവിധത്തിലും മാതാപിതാക്കൾ നല്ല രീതിയിൽ ജീവിക്കുന്നവരായിരിക്കോണം. എന്നാൽ ജീവിതം നന്നായി മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ ഇരുകൂട്ടർക്കും വിട്ടുവീഴ്ചകൾ വളരെ ആത്യാവശ്യമാണ്. മാതാപിതാക്കൾ നല്ലതല്ലെങ്കിൽ എങ്ങനെ മക്കൾ നല്ല പാതയിൽകൂടി നടക്കും?. മക്കൾ മാതാപിതാക്കളെയും മുതിർന്നവരെയും ബഹുമാനിക്കണം.

ദിനംതോറും നമ്മൾ മാധ്യമങ്ങളിൽകൂടി വായിച്ചുവരുന്നതാണ് ആത്മഹത്യകളെക്കുറിച്ചും, കൊലപാതകങ്ങളെക്കുറിച്ചും. ഈ അടുത്തു തന്നെ ആരും ചിന്തിക്കാത്ത ഒരു കഠിനമായ കൊലപാതകം നമ്മുടെ കൊച്ചു കേരളത്തിൽ നടന്നില്ലേ? ജനിപ്പിച്ച് വളർത്തി വലുതാക്കിയ പിതാവിനെ വെടിവെച്ച് കൊന്നതിനുശേഷം വിവിധ കഷണങ്ങളായി തന്റെ ശരീരത്തിലെ ഓരോ അവയവങ്ങളെയും മുറിച്ച്



**ഷെറിൻ ഷേർളി സന്തോഷ്**

മാറ്റിയ കാര്യം നാം ഓരോരുത്തരും അറിഞ്ഞതാണ്. എന്നാൽ ഒരിക്കലും ഈ മകൻ ഒരു കൊലപാതകിയാകണം എന്ന് മാതാപിതാക്കൾ ചിന്തിച്ചിട്ടുണ്ടാകുകയില്ല.

എന്തിനാണ് പിതാവിനെ കൊലപ്പെടുത്തിയത് എന്ന് ചോദിച്ചപ്പോൾ മകൻ പറഞ്ഞ ഉത്തരം തന്നോട് പിതാവിന് ഇഷ്ടമില്ലായിരുന്നു എന്നതാണ്. പിതാവിന് മകനെ ഇഷ്ടമല്ലാത്തതിന് കാരണങ്ങളുണ്ടാകാം. പക്ഷേ, സ്വഭാവികമായി നമ്മൾക്ക് ചിന്തിച്ചാൽ മനസ്സിലാകും ഒരു പിതാവിനെ കൊലപ്പെടുത്തുവാൻ മാത്രം ആ മകന് കഴിഞ്ഞെങ്കിൽ മകന്റെ മനസ്സ് അത്രയ്ക്ക് വേദനിച്ചിരുന്നുവെന്ന്.

ഇങ്ങനെയൊക്കെ സംഭവിക്കുന്നതിന്റെ വലിയകാരണം മാതാപിതാക്കളുടെ കഠിനമായ വാക്കുകളാണ്. മാതാപിതാക്കൾ ശകാരിക്കണം എന്നാൽ അധികമായാൽ അമൃതും വിഷം എന്ന് പറയുന്നതു പോലെ അധികം ശകാരങ്ങളായാൽ മക്കൾക്കും ദേഷ്യം വന്നേക്കാം. മാതാപിതാക്കൾ നിങ്ങളുടെ മക്കളെ മനസ്സിലാക്കാൻ ശ്രമിക്കുക. അവർക്ക് തെറ്റുകൾ സംഭവിക്കാം അത് നിങ്ങൾ തിരുത്തുക, പറഞ്ഞ് മനസ്സിലാക്കുക.

എല്ലാ മക്കൾക്കും മാതാപിതാക്കളെ ഇഷ്ടമാണ്. മാതാപിതാക്കളുടെ സാന്നിദ്ധ്യം ഇഷ്ടമല്ലാത്ത ഏതു മക്കളാണ് ഈ ലോകത്തിലുള്ളത്. നമ്മുടെ ഈ ജീവിതം വളരെ ചെറിയതാണ്. ഒരുപക്ഷേ ഇന്ന് കണ്ടവരെ നാളെ കാണണം എന്നില്ലല്ലോ. സന്തോഷമായി ജീവിക്കുക, പ്രാർത്ഥിക്കുക.

മിക്ക വീടുകളിലും കേൾക്കുന്നതാണ് നീ അടുത്തുള്ള വീട്ടിലെ കൊച്ചിനെ കണ്ടുപഠിക്കുക എന്നത്. ഒരിക്കലും നിങ്ങളുടെ മക്കളെ താരതമ്യം ചെയ്യാതിരിക്കുക. അവർ അടുത്തുള്ള വീട്ടിലെ രണ്ടുപേരുടെ മക്കളാണ്. അല്ലാതെ നിങ്ങളുടെ മക്കൾ നിങ്ങളെപ്പോലെ മാത്രമേ വരികയുള്ളു. അതുപോലെയാണ് ഒരു പരീക്ഷ യ്ക്ക് 100 -ൽ 95 മാർക്ക് വാങ്ങി വന്നാൽ ബാക്കി 5 മാർക്ക് എന്തിയേ എന്നാണ് ആദ്യത്തെ ചോദ്യം. മാതാപിതാക്കളെ 95% മാർക്കിനെ പറ്റി നിങ്ങൾ ചിന്തിക്കുന്നില്ല. അപ്പോഴും ആ മകന് അല്ലെങ്കിൽ മകൾക്ക് നിരാശയാണ് അനുഭവപ്പെടുന്നത്.

മാതാപിതാക്കളുടെ ഒരു വാക്ക് മതി അവരുടെ നിരാശ മാറാൻ. മാതാപിതാക്കൾ പറയാൻ ശ്രമിക്കുക സാരമില്ല, അടുത്ത പരീക്ഷയ്ക്ക് 5% മാർക്ക് കൂടി വാങ്ങാൻ ശ്രമിക്കുക എന്ന്. മക്കൾ ഈ തെറ്റ് എന്നും ആവർത്തിക്കാതിരിക്കാനും ശ്രമിക്കണം. മക്കൾക്ക് എന്തെങ്കിലും പ്രയാസങ്ങളോ, പ്രശ്നങ്ങളോ ഉണ്ടെങ്കിൽ മാതാപിതാക്കൾ മനസ്സിലാക്കുക പരിഹരിക്കുക. ഒരിക്കലും മക്കളുടെ പ്രശ്നങ്ങൾ വേറെ ആരോടും പറയുവാനുള്ള അവസരങ്ങൾ നിങ്ങൾ ഉണ്ടാക്കി കൊടുക്കരുത്. മക്കൾ നിങ്ങളുടെ സ്വത്താണ്. നിങ്ങൾക്ക് മാത്രമായി മക്കൾ എന്ന സ്വത്തിനെ സൂക്ഷിച്ചുവയ്ക്കുക. ആവശ്യമില്ലാതെ ഒരാൾക്ക് പോലും ഈ സ്വത്തിനെ വിട്ടു കൊടുക്കരുത്. പരസ്പരം സ്നേഹിക്കുക, സംസാരിക്കാനായി സമയങ്ങൾ വേർതിരിക്കുക, എന്തിലുമുപരി പ്രാർത്ഥിക്കുക.

*Every good gift and every perfect gift is from above, coming down from the* ***Father of lights***

Since : 1988
GRACE
Visual media
09447255475, 09447370979



**Wedding Photography & Video Graphy**
*Direction:* HEBRON DAVID *(sabu)*
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com



Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...., Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

# കുട്ടികളിലെ പഠനവൈകല്യങ്ങളെ എങ്ങനെ പരിഹരിക്കാം





ഡഗ്ലസ് ജോസഫ്

മൂന്നാം വയസ്സിൽ നഴ്സറി ക്ലാസിൽ ചേരുന്നതിലൂടെ ഒരു കുട്ടിയുടെ പഠനജീവിതത്തിന് ആരംഭം കുറിക്കുന്നു. കെ. ജി, പ്രൈമറി, മിഡിൽ സ്കൂൾ, ഹൈസ്കൂൾ, സീനിയർ സെക്കണ്ടറി തുടങ്ങി മുമ്പോട്ടുള്ള പഠന കാലയളവിൽ പലവിധമായ ബുദ്ധിമുട്ടുകൾ വിദ്യാർത്ഥികളും അദ്ധ്യാപകരും മാതാപിതാക്കളും നേരിടേണ്ടിവരുന്നു. പലപ്പോഴും കുട്ടി പഠിക്കാത്തത് മടികൊണ്ടോ, താൽപര്യക്കുറവു കൊണ്ടോ എന്നൊക്കെ കരുതി അവരെ ശകാരിക്കാനും അടിക്കാനുമൊക്കെ മാതാപിതാക്കളും അദ്ധ്യാപകരും മുതിരാറുണ്ട്.

ചില കുട്ടികൾ എഴുതാൻ വലിയ മടികാണിക്കുന്നവരാണ്. മറ്റു ചിലർക്ക് കണക്ക് ബാലികേറാ മലയാണ്. ചിലർ വായിക്കുന്നതിനു മടിയുള്ളവരാണ്. എജ്യൂക്കേഷണൽ സൈക്കോളജി പ്രകാരം മേൽപ്പറഞ്ഞ പ്രശ്നങ്ങൾ കുട്ടികളുടെ പഠനത്തോടനുബന്ധിച്ച് ഉണ്ടാകുന്നത് അവർക്ക് ജന്മനാ ചില പഠനവൈകല്യങ്ങൾ ഉള്ളതുകൊണ്ടാണ്. വിവിധതരം പഠന വൈകല്യങ്ങൾ മാതാപിതാക്കളും, അദ്ധ്യാപകരും അറിഞ്ഞിരിക്കുന്നത്, ഇത്തരം വൈകല്യങ്ങളെ മറികടന്ന് കുട്ടികളുടെ ഉന്നതഭാവി ഉറപ്പുവരുത്താൻ സഹായിക്കും.

**കുട്ടികളുടെ പഠനവൈകല്യങ്ങൾ (ലക്ഷണങ്ങൾ)**

A). Dyslexia (വായന വൈകല്യങ്ങൾ) ഇത്തരം പഠന വൈകല്യമുള്ള കുട്ടികൾ ശരിയായി പാഠഭാഗങ്ങൾ വായിക്കാൻ പ്രയാസപ്പെടും. സ്പെല്ലിങ്ങ് മിസ്റ്റേക്കുകൾ, തെറ്റായ ഉച്ചാരണം ഇവ ഇത്തരക്കാരുടെ പ്രശ്നങ്ങളാണ്.

B). Dyscalculia (ഗണിത വൈകല്യങ്ങൾ) കൂട്ടൽ, കുറയ്ക്കൽ, ഹരിക്കൽ, ഗുണിക്കൽ തുടങ്ങിയ പ്രാഥമിക ഗണിത പാഠങ്ങൾ പോലും ഇത്തരം കുട്ടികൾക്ക് കഠിനമായിരിക്കും. ഇത്തരക്കാർ കണക്കിൽ നിന്നും ഓടിയൊളിക്കാൻ ശ്രമിക്കും.

C). Dysgraphia (എഴുത്ത് വൈകല്യങ്ങൾ) മോശം കൈയ്യക്ഷരം, അക്ഷരത്തെറ്റ്, അടുക്കും ചിട്ടയുമില്ലാത്ത എഴുത്ത്, എഴുതാൻ മടി തുടങ്ങിയ ലക്ഷണങ്ങൾ ഡൈസ്ഗ്രാഫിയ എന്ന പഠനവൈകല്യമുള്ള കുട്ടികൾ കാണിക്കാറുണ്ട്.

D). Dysphasia (ഭാഷാവൈകല്യങ്ങൾ) ഭാഷാ വിഷയങ്ങൾ ഇത്തരക്കാർക്ക് അലർജിയാണ്. പുതിയ ഭാഷകൾ പഠിക്കുന്നതിൽ ഇവർ വളരെ പുറകിലാണ്. ശരിയായി വായിക്കുവാനോ, എഴുതുവാനോ, സംസാരിക്കുവാനോ, ഭാഷാവൈകല്യമുള്ള കുട്ടികൾക്ക് സാധിക്കുകയില്ല.

E). Audio Processing Disorder (കേഴ്‌വി വൈകല്യങ്ങൾ) ശബ്ദങ്ങൾ തമ്മിൽ തിരിച്ചറിയാനുള്ള പ്രയാസം കേൾക്കുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ പ്രയാസം തുടങ്ങിയവ ഇത്തരക്കാർ നേരിടുന്നു.

F). Visual Processing Disorder (കാഴ്ച വൈകലങ്ങൾ) കാണുന്ന കാര്യങ്ങൾ തമ്മിൽ തിരിച്ചറിയാൻ, വേർതിരിക്കാൻ, മനസ്സിലാക്കാൻ ഇക്കൂട്ടർ പ്രയാസമനുഭവിക്കുന്നു. ചാർട്ടുകൾ, മാപ്പ്, സിംബൽസ് തുടങ്ങിയവ മനസ്സിലാക്കാൻ ഇത്തരം വൈകല്യമുള്ള കുട്ടികൾക്ക് സാധിക്കുകയില്ല.

പണ്ട് കാലങ്ങളിൽ കുട്ടി പഠിക്കാത്തത് മടികൊണ്ടും, പഠിക്കാൻ താൽപര്യം കാട്ടാത്തതുകൊണ്ടുമാണ് എന്ന തെറ്റായ ധാരണ മാതാപിതാക്കളും, അധ്യാപകരും വെച്ചു പുലർത്തിയിരുന്നു. എന്നാൽ മനശാസ്ത്രത്തിന്റെ വികാസത്തിലൂടെ കുട്ടികളിൽ കാണപ്പെടുന്ന പഠനസംബന്ധിയായ പ്രശ്നങ്ങൾ ജനിതകമായ പഠന വൈകല്യങ്ങൾ മൂലമാണ് എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ ആധുനികയുഗത്തിൽ ഇന്ന് ഇത്തരം പ്രശ്നങ്ങളെപ്പറ്റി മാതാപിതാക്കളും, വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നവരും ബോധവാന്മാരാണ്.

**പഠനവൈകല്യങ്ങളുടെ പരിഹാരമാർഗ്ഗങ്ങൾ**

1. അടിച്ചും, ശകാരിച്ചും, ഭീഷണിപ്പെടുത്തിയും, കളിയാക്കിയും കുട്ടികളിൽ കാണുന്ന വിവിധ പഠന വൈകല്യങ്ങളെ മറികടക്കാൻ ശ്രമിക്കുന്നത് ഫലം കാണുകയില്ല.

2. നഴ്സറി, കിന്റർ ഗാർട്ടൺ, പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കളും, അധ്യാപകരും ജാഗ്രത പുലർത്തണം. വായിക്കാനുള്ള ബുദ്ധിമുട്ട്, അക്ഷരതെറ്റ്, മോശം കൈയ്യക്ഷരം, കണക്ക് ചെയ്യാനുള്ള പ്രയാസം, ഉച്ചാരപിശകുകൾ തുടങ്ങിയ ലക്ഷണങ്ങൾ പഠന വൈകല്യങ്ങളുടെ ചൂണ്ടുപലകയാണ്.

3. പഠനപരമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളെ പരിഹസിക്കാൻ ശ്രമിക്കരുത്. പലപ്പോഴും അദ്ധ്യാപകരുടെയും, സഹപാഠികളുടെയും പരിഹാസം കുട്ടികളുടെ മനോനില തകർക്കുന്നതാണ്.

4. സ്കൂൾ കൗൺസിലേഴ്സ്, എജ്യൂക്കേഷണൽ സൈക്കോളജിസ്റ്റുകൾ തുടങ്ങിയവരുടെ സഹായം പഠനവൈകല്യമുള്ള കുട്ടികളെ ഇത്തരം പ്രശ്നങ്ങൾ മറികടന്ന് ക്ലാസ്സിലെ മറ്റു കുട്ടികളോട് ഒപ്പം പഠിച്ച് മുന്നേറാൻ പ്രാപ്തരാക്കും.

5. സ്പെഷ്യൽ എജ്യൂക്കേഷൻ അദ്ധ്യാപകർ, ഓഡിയോ സ്പീച്ച് തെറാപ്പിസ്റ്റുകൾ തുടങ്ങിയ പ്രത്യേക പരിശീലനം സിദ്ധിച്ചവരുടെ ഉപദേശവും, നിർദ്ദേശങ്ങളും അനുസരിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്താൽ പഠനവൈകല്യങ്ങൾ മറികടക്കാൻ സാധിക്കുന്നതാണ്.

6. പഠനവൈകല്യങ്ങൾ നേരിടുന്ന കുട്ടികളെ സഹാനുഭൂതിയോടെ കാണാനും, അവർക്ക് ആവശ്യ മായ മാനസിക പിൻബലം നൽകാനും എല്ലാവരും തയ്യാറാവണം. ക്ലാസിൽ ഇത്തരം കുട്ടികളെ സഹായിക്കാൻ പഠനത്തിൽ സമർത്ഥരായ വിദ്യാർത്ഥികളെ സഹായി (Mentor) ആയി വയ്ക്കാറുണ്ട്.

ചുരുക്കത്തിൽ പഠനവൈകല്യങ്ങൾ പരിഹാരം ഇല്ലാത്ത പ്രശ്നമല്ല, നേരെമറിച്ച് ശാസ്ത്രീയമായ ക്രമീകരണങ്ങൾ ചെയ്താൽ വിദഗ്ദ്ധ നിർദ്ദേശം അനുസരിച്ച് മാതാപിതാക്കൾ കുട്ടിക്ക് ആവശ്യമായ പിൻബലം നൽകിയാൽ ഇത്തരം കുട്ടികൾക്ക് ശോഭനമായ ഭാവി ഉറപ്പുവരുത്താൻ സഹായിക്കും.

*(ലേഖകനെക്കുറിച്ച്; ഇന്ത്യ, മാലിദ്വീപ്, യു.എ.ഇ സ്കൂൾ, കോളേജ് തലങ്ങളിൽ അദ്ധ്യാപകൻ, പത്രപ്രവർത്തകൻ, എഴുത്തുകാരൻ, വിദ്യാഭ്യാസ കൗമാര വിഷയങ്ങളിൽ ലേഖകൻ).*

# തുണയെനിക്കേശുവേ...

## പാട്ടിന്റെ വഴി



എം. ഇ. ചെറിയാൻ

മധുരപട്ടണത്തിലെ ഏറ്റം പ്രധാനപ്പെട്ട ഒരു റോഡാണ് ഡിൺഡിഗൽ റോഡ്. ആ റോഡിലുള്ള ചിന്തത്തെരുവ് ഏറ്റവും പ്രധാനപ്പെട്ട തെരുവുകളിൽ ഒന്നാണ്. അവിടെ മെയിൻ റോഡിന് തൊട്ടടുത്ത് വാണിയർ തെരുവിലാണ് താമസം. മധുരയിലെത്തി 25 വർഷങ്ങൾക്കുശേഷം സ്ഥലം വാങ്ങി ഹോൾ പണിയാൻ സംഗതിയായത്. ഹോളിനോടു ചേർത്തു പണിത 2 മുറികളിൽ ചെറിയാൻ സാറും താമസമാക്കി. എന്നാൽ അത് ഇടുക്കമായ് വന്നതിനാൽ അതിനുമുകളിലേക്ക് കുടുംബത്തിനും അതിഥികൾക്കുമായ് ചില മുറികൾ കൂടെ പണിതു. സഭക്കു പുറത്തുനിന്നുണ്ടാകുന്ന ഉപദ്രവങ്ങളെക്കാൾ വേദനാ ജനകമാണ് സഭക്കകത്തുനിന്നുള്ള ഉപദ്രവങ്ങൾ. സഭക്കു പുറത്തുനിന്നു എതിർപ്പുകളോ കഷ്ടതകളോ പീഢനങ്ങളോ ഏൽക്കുമ്പോൾ കർത്തൃനാമ വ്യാപ്തിക്കെന്നെണ്ണറിഞ്ഞ് മനസ്സ് സുഖംകൊള്ളും. എന്നാൽ പ്രശ്നം സഭക്കകത്തു നിന്നാണെങ്കിൽ എങ്ങനെ സമാധാനിക്കും?

അതിൽ താമസിച്ചുവരവേ സഭാമൂപ്പന്മാർ ഒത്തുകൂടി മൂന്നു മാസത്തിനകം ചെറിയാൻ സാർ സഭവക കെട്ടിടം വിട്ടുപോകണമെന്ന് പ്രമേയം പാസ്സാക്കി. ഇത് അറിഞ്ഞ താൻ വളരെ ദുഃഖിതനായി. മൂന്നു മാസത്തിനു മുൻപുതന്നെ താമസം സഭാഹോൾ കെട്ടിടത്തിൽ നിന്നു മാറിക്കൊള്ളണമെന്നും വേണമെങ്കിൽ മധുരപ്പട്ടണം തന്നെ വിട്ടുപോകുവാനും തയ്യാറാണെന്നും തനിക്കു സഭയിൽ പ്രസ്താവിക്കേണ്ടിവന്നു. ഈ ദിവസങ്ങളിൽ വിചാരവശനായി തീർന്ന താൻ 'പ്രതിഫലം തന്നിടുവാൻ' എന്ന ഗാനം എഴുതി. അതോടൊപ്പം തന്നെ യേശു തുണയായ് ഉള്ളതിനാൽ ഒന്നിനും കുറവില്ലെന്ന് ചിന്തിച്ച് സ്വയം ആശ്വസിക്കുകയും പരിചയും പലകയുമായ് കർത്താവ് ഈ പാരിടത്തിൽ എന്നും തുണയായ് ഉള്ളതിനാൽ തന്റെ ചിറകിൻ കീഴിൽ ശാശ്വത ശരണം ലഭിക്കും എന്ന് മനസ്സിൽ ഉറപ്പാക്കുകയും ചെയ്തു. ഈ വിധ ചിന്തകളെ സമ്മേളിപ്പിച്ചു പ്രതിഫലം തന്നിടുവാൻ എന്ന ഗാനം എഴുതി ചില ദിവസങ്ങൾക്കു ശേഷം അതേ കടലാസ്സിന്റെ മറുപുറത്ത് 'തുണയെനിക്കേശുവേ' എന്ന ഗാനം എഴുതി. ഇതുരണ്ടും ആദ്യമായ് പഠിപ്പിച്ചത് ബാലസംഘത്തിന്റെ റാന്നി ക്യാമ്പിലായിരുന്നു. ആ ക്യാമ്പിൽ ഏറ്റവും അധികം ഉത്സാഹത്തോടെ കുട്ടികൾ ആനന്ദിച്ച് ആർത്തുപാടിയതും ഈ രണ്ട് ഗാനങ്ങളായിരുന്നു. തുടർന്ന് അനേകരുടെ ജീവിതത്തിലെ സമ്പത്തായ് ഈ ഗാനങ്ങൾ മാറ്റം കൊണ്ടു.

Statement about ownership and other particulars about readers Landway News
FORM IV
(See Rue 8)

1. Place of Publication : Pathanamthitta,
2. Periodicity of Publication : Monthly
3. Printer's Name : Santhosh Pandalam
Nationality : Indian
Address : Olive Thottatthil, Thupmamon P.O, Pathanamthitta (Dist), Kerala, India - 689 502
4. Publisher's Name : Santhosh Pandalam,
Nationality : Indian
Address : Olive Thottatthil, Thupmamon P.O, Pathanamthitta (Dist), Kerala, India - 689 502.
5 . Printer's Name : Santhosh Pandalam
Nationality : Indian
Address : Olive Thottatthil, Thupmamon P.O, Pathanamthitta (Dist), Kerala, India - 689 502.
6. Name and address of individuals who own the Newspaper and partners or shareholders holding more than one percent of the total capital : Nil

I, Santhosh Pandalam, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Dated 10 July 2016
Santhosh Pandalam

Face 2 Face

തയ്യാറാക്കിയത്: സന്തോഷ് പന്തളം

# തളരാത്ത ദർശനവും പതറാത്ത മനസുമായി



## പാസ്റ്റർ എം. യേശുദാസ്

## (വെള്ളറട, തിരുവനന്തപുരം ജില്ല)

### ബാല്യകാല അനുഭവങ്ങൾ

കേരളത്തിന്റെ തെക്കേഅറ്റമായ നെയ്യാറ്റിൻകര താലൂക്കിലെ മലയോര പ്രദേശമായ വെള്ളറട ബെഥേൽ മന്ദിരത്തിൽ മോശെ, കെസിയാൾ ദമ്പതികളുടെ അഞ്ചുമക്കളിൽ നാലാമനായി 1942-ൽ എം. യേശുദാസ് ജനിച്ചു. തന്റെ മാതാപിതാക്കൾക്ക് ആദ്യത്തെ മൂന്ന് മക്കളും ജനിച്ചപ്പോൾതന്നെ അസുഖബാധിതരായി മരിക്കുകയും തുടർന്ന് ചില നാളുകൾ മാനസികമായി തകർന്ന് പ്രാർത്ഥിച്ചുക്കൊണ്ടിരിക്കുമ്പോൾ അവർ ദൈവത്തോട് ഒരു തീരുമാനമെടുത്തു. ഇനി ഞങ്ങൾക്ക് മക്കളെ ആയുസോടും ആരോഗ്യത്തോടും ദൈവം നൽകിയാൽ ആ മക്കളെ കർത്താവിന്റെ നാമത്തോടുള്ള ബന്ധത്തിൽ വളർത്തി ദൈവവേലയ്ക്കായി വേർതിരിക്കുമെന്നും ഉറപ്പിച്ച് ദൈവകരങ്ങളിൽ ഏൽപ്പിച്ച് തീരുമാനമെടുത്തു.

ഇങ്ങനെ പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ പ്രതീക്ഷകൾക്കപ്പുറം ഒരു ആൺ പൈതലിന് ജന്മം നൽകുവാൻ ദൈവം കൃപനൽകി. കുഞ്ഞിനെ ലഭിച്ച മാത്രയിൽ മാതാപിതാക്കൾ കൈകളിലേന്തി ഇപ്രകാരം ദൈവത്തോടു പ്രാർത്ഥിച്ചു. അങ്ങ് നൽകിയ കുഞ്ഞിനെ അങ്ങയുടെ ദാസനാക്കുവാൻ ഏൽപ്പിക്കുന്നുവെന്ന് സമർപ്പിച്ചുകൊണ്ട് യേശുദാസ് എന്ന് പേരിട്ടു.

ആ കാലഘട്ടങ്ങളിൽ തന്റെ പിതാവ് സി.എസ്.ഐ. സഭയിലെ സുവിശേവേലകളിൽ കൈത്താങ്ങ് കൊടുത്തുകൊണ്ടിരിക്കുന്ന കാലമായതിനാൽ സാമ്പത്തികമോ സാഹചര്യങ്ങളോ ഇല്ലാത്തതിനാലും തന്റെ പിതാവിനൊപ്പം ചെറുപ്രായത്തിൽ തന്നെ കൃക്ഷിപണികളിൽ അദ്ധ്വാനിക്കുകയും ഒപ്പം വിദ്യാഭ്യാസത്തിൽ ശ്രദ്ധപതിപ്പിക്കുകയും ചെയ്തു. താൻ ഏകനായിരിക്കുമ്പോൾ തന്റെ ഏകാന്തത മാറ്റുവാൻ ഒരു ഇളയസഹോദരനെയും ദൈവം ദാനമായി നൽകി. ആ വ്യക്തിയാണ് ഈ കാലഘട്ടങ്ങളിൽ ദൈവകരങ്ങളിൽ ദൈവം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന രാമേശ്വരം എം. പൗലോസ് എന്ന ദൈവദാസൻ, ഇത് എന്റെ ഇളയസഹോദരനാണ് എന്ന് പറയുന്നതിൽ അതിയായ സന്തോഷമുണ്ട്.

### ദൈവവിളിയും സമർപ്പണവും

തന്റെ സ്വദേശത്തിനടുത്തുള്ള അഞ്ചുമരംകാല സീയോൻ സംഘം സഭയിലെ യോഗത്തിൽ പാസ്റ്റർ സത്യാസ് ദൈവവചനം ശുശ്രൂഷിക്കുമ്പോൾ (ഇപ്പോൾ കർത്താവിൽ വിശ്രമിക്കുന്നു) തന്റെ 16-ാ മത്തെ വയസ്സിൽ യേശുവിനെ രക്ഷകനായി സ്വീകരിക്കുവാൻ ഇടയായി. ഇതിനൊടൊപ്പം ആത്മീയ സന്തോഷം അനുഭവിച്ചുവരവേ 18-ാമത്തെ വയസ്സിൽ ജലസ്നാനമെന്ന കർത്താവിന്റെ കൽപനയും അനുസരിക്കുവാൻ ഇടയായി. താൻ ദൈവവേല ചെയ്യണമെന്നുള്ള കർത്താവിന്റെ നിരന്തരം ആലോചന ഉള്ളതിനാൽ 21-ാമത്തെ വയസ്സിൽ കോട്ടയത്തിനടുത്തുള്ള വടവാതൂർ ശാലേം ബൈബിൾ കോളെജിൽ വചനം പഠിക്കുവാൻ തുടങ്ങി. പഠനാന്തരം തന്റെ സ്വദേശത്തിനടുത്ത് മുട്ടച്ചൽ സീയോൻ സംഘം സഭയുടെ സുവിശേഷകനായി ഉത്തരവാദിത്വം ഏറ്റെടുത്തു. ഇതിനോടൊപ്പം മറ്റ് വിവിധ ഇടങ്ങളിൽ കർത്താവിന്റെ വേലക്ക് പങ്കാളിത്തം കൊടുക്കുവാനും ദൈവം കൃപ നൽകിയിട്ടുണ്ട്.

### വിവാഹവും തലമുറകളും

കന്യാകുമാരി ജില്ലയിലെ മാർത്തണ്ഡത്തിനടുത്ത് പാകോട് റസില്ലയ്യാ വാദ്യ-നവോമി ദമ്പതികളുടെ 5 മക്കളിൽ 2-ാമത്തെ മകൾ ഡെയ്സിലെറ്റിനെ തന്റെ 33-ാമത്തെ വയസ്സിൽ (1975) ജീവിതസഖിയായി ദൈവം നൽകി. പ്രാർത്ഥനയുടെ ഫലമായി 3 മക്കളെ ദൈവം നൽകി, ദേശത്ത് മാനിച്ചു. മക്കൾ പ്രിസ്ക്കില്ല, ഗോഡ്‌വിൻ, ഗോഡ്ഷൈനി.

മൂന്നുപേരും വിവാഹിതരും കർത്താവിന്റെ വേലയിൽ ആവുന്നടത്തോളം പ്രവർത്തിക്കുന്നവരുമാണ്. മൂത്തമകൾ പ്രിസ്ക്കില്ല തമിഴ്നാട്ടിൽ താമസിച്ച് കുടുംബമായി കർത്താവിന്റെ വേല ചെയ്യുന്നു. മകൻ ഗോഡ്‌വിൻ മുട്ടച്ചൽ സീയോൻ സംഘം സഭയുടെ പാസ്റ്ററും, വേദപഠനത്തിൽ ബിരുദാനന്തര ബിരുദം നേടിയ വ്യക്തിയുമാണ്. സ്വദേശത്തും വിദേശത്തും കർത്താവിനായി ഉപയോഗിക്കപ്പെടുന്നു. പ്രസംഗകൻ, സംഘാടകൻ, ബൈബിൾ കോളേജ് അദ്ധ്യാപകൻ, ആത്മീയ നേതൃത്വത്തിൽ മുൻപൻ എന്നീ നിലകളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇളയ മകൾ ഷൈനിയും കുടുംബമായി കഴിവിന്റെ പരമാവധി സീയോൻ സംഘം പ്രസ്ഥാനത്തിന്റെ സഹോദരിമാരുടെ സെക്രട്ടറിയായും പ്രവർത്തിക്കുന്നു. തന്റെ ഭർത്താവ് ആൽബർട്ട് പ്രസ്ഥാനത്തിന്റെ സണ്ടേസ്കൂൾ സെക്രട്ടറിയും മുട്ടച്ചൽ ലോക്കൽ സഭയുടെ സണ്ടേസ്കൂളിന്റെ ഹെഡ്മാസ്റ്ററുമാണ്.

### മുട്ടച്ചൽ സഭാവളർച്ചയുടെ രഹസ്യം

കഴിഞ്ഞ 55-ൽ പരം വർഷങ്ങളായി മുട്ടച്ചൽ സഭയുടെ സീനിയർ പാസ്റ്ററായി താൻ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. തന്റെ മാതാപിതാക്കളോടൊപ്പം കർത്താവിൽ ഇപ്പോൾ വിശ്രമിക്കുന്ന പാസ്റ്റർ സത്യദാസും ഒരുമിച്ച് തുടങ്ങിവച്ച സഭയാണ് മുട്ടച്ചൽ സീയോൻ സംഘം സഭ.

തന്റെ ബൈബിൾ പഠനാന്തരം, ദൈവം ഈ സഭയുടെ ശുശ്രൂഷകനായി ചുമതലപ്പെടുത്തുകയും ദൈവം നൽകിയ ആലോചന പ്രകാരം സഭയെ നയിക്കുവാനും ഇതുവരെ സഹായിച്ചു. വിവിധമായ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ ചെയ്തെടുക്കുവാനും ദൈവം സഹായിച്ചു.

### മിഷനറി പ്രവർത്തനങ്ങൾ

സ്വദേശത്തും വടക്കേയിന്ത്യയിലും മററ് ചില രാജ്യങ്ങളിലും ഏകദേശം 200 -ൽ പരം മിഷനറിമാരെ ദൈവത്തിനായി അയക്കുവാൻ ദൈവം കൃപ നൽകിയിട്ടുമുണ്ട്.

### പ്രയർ സെല്ലുകൾ

ഞങ്ങളുടെ സഭയിലെ സഹോദരന്മാരും സഹോദരിമാരും പ്രത്യേകം പ്രത്യേകമായി പ്രയർസെല്ലുകൾ വിവിധ ഇടങ്ങളിൽ നടത്തപ്പെടുകയും പ്രാർത്ഥനയുടെ വലയത്തിൽ അനേകം രോഗികളെ ദൈവം സൗഖ്യമാക്കുകയും ക്ഷീണിതരെ പ്രാർത്ഥനയിൽ ശക്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും ഈ പ്രയർസെല്ലുകൾ അവിടവിടങ്ങളിൽ നിലനിറുത്തിക്കൊണ്ടു പോവുകയും ചെയ്യുന്നു. പ്രയർസെല്ലുകളിൽ കടന്നുവരുന്ന പുതിയ വ്യക്തികളെ സഭയിലേക്കും നയിക്കാറുണ്ട്. ഇത് ഞങ്ങളുടെ കൂട്ടായ്മയിലെ മുതൽകൂട്ടുതന്നെയാണ്.

### യുവജന പ്രസ്ഥാനം

Z. Y. M എന്ന നാമകരണത്തിൽ എല്ലാ ഞായറാഴ്ചകളിലും ഉച്ചതിരിഞ്ഞു യുവജനങ്ങളുടെ മീറ്റിംഗും, ഇതിൽ സുവിശേഷതൽപരരായ സഹോദരങ്ങളെ ദൈവവചനത്തിൽ ഉറപ്പിച്ച് വരുംകാലങ്ങളിലെ സുവിശേഷകന്മാരായി വാർത്തെടുക്കുവാൻ അഭ്യസിപ്പിക്കുകയും ചെയ്യുന്നു. വിവിധമായ കലാവാസനകളും ആത്മീയ ഉത്തേജനങ്ങളും വെളിപ്പെടുത്തുന്ന ആത്മീയ പരിപാടികളിൽ എല്ലാവരും ഒരുമിച്ചു കൈയോട് കൈകോർത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ മീറ്റിംഗുകളിൽ മറ്റ് സംഘടനകളിലുള്ളവരും സമീപവാസികളും പങ്കെടുത്ത് സന്തോഷം അനുഭവിക്കാറുണ്ട്. ഈ മീറ്റിംഗുകൾ പലപ്പോഴും ഒരു ഉത്സവത്തിന്റെ ദിനങ്ങളായി മാറാറുണ്ട്.

### സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ

ഞങ്ങളുടെ സഭയിൽ ഇപ്പോൾ ഏകദേശം 40 തോളം പൈതങ്ങൾ ദൈവവചനം പഠിച്ചുകൊണ്ടിരിക്കുന്നു. 6 അധ്യാപകരുടെയും ഹെഡ്മാസ്റ്ററിന്റെയും അവസരോചിതമായ ഇടപെടലുകളും കൊണ്ട് വിദ്യാർത്ഥികൾക്ക് സംതൃപ്തിയും ആത്മീയ അനുഗ്രഹവുമായി മാറി ക്കൊണ്ടിരിക്കുന്നു.

### ആത്മീയപ്രവർത്തനത്തിൽ ചെയ്ത ചില കാര്യങ്ങൾ

തന്റെ സുവിശേഷപ്രവർത്തനത്തോടുള്ള ബന്ധത്തിൽ അനേകംപേരെ രക്ഷയിലേക്ക് നയിപ്പിച്ചിട്ടുണ്ട്. ആയിരത്തോളം പേർ വിവിധ ഇടങ്ങളിൽവച്ച് സ്നാനമേറ്റിട്ടുണ്ട്. 265 -ൽ പരം വിവാഹ ശുശ്രൂഷകളും, കൂടാതെ ശിശുക്കളെ സമർപ്പിച്ചതും, വീടുകൾക്ക് അടിസ്ഥാനം കുറിച്ചതും മരണശുശ്രൂഷകൾ നടത്തിയതും അനേകമാണ് എന്ന് പറയുന്നതിൽ യാതൊരു തെറ്റുമില്ല.

ഉപവാസ പ്രാർത്ഥനകൾ, കൺവൻഷൻ പ്രസംഗകൻ, ബൈബിൾ കോളേജ് അദ്ധ്യാപകൻ എന്നിനിലകളിലും മറ്റ് ക്രിസ്തീയ കൂട്ടായ്മകളിലും താൻ പങ്കാളിയായിട്ടുണ്ട്. മറ്റു സഭകളിൽ പോയി ശുശ്രൂഷിക്കുമ്പോൾത്തന്നെ പലരുടെയും രോഗങ്ങൾക്കും കഷ്ടപ്പാടുകൾക്കും താൻ കണ്ണുനീരോടുകൂടി പ്രാർത്ഥിക്കുകയും പലർക്കും സഹായസൗകര്യങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. നിരാലമ്പരും നിർദ്ധനരുമായ സാധുക്കൾക്ക് ജാതിമത ഭേദമെന്നിൽ വേണ്ടതായ സഹായങ്ങളും വിദ്യാലയങ്ങളിൽ പോകുവാൻ കഴിയാത്ത കുഞ്ഞുങ്ങൾക്ക് പഠനോപാധികളും മറ്റ് ആവശ്യമായ കാര്യാധികളും ചെയ്തുകൊടുക്കുകയും ദേശത്ത് ഇപ്പോഴും ദൈവനാമത്തെ ഉയർത്തുകയും ചെയ്തുവരുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളായി ഓരോ വർഷത്തിലും സാധുക്കളെ കണ്ടുപിടിച്ചു വിധവമാർക്കും മറ്റ് ജീവിക്കാൻ മാർഗ്ഗമില്ലാത്തവർക്കും 150-ൽ പരം ക്രിസ്മസ് കിറ്റുകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. ഇനിയും വരും സമയങ്ങളിലും അതിനുള്ള സാവകാശം ദൈവം നൽകുമെന്നും വിശ്വസിക്കുന്നു.

മിഷനറിമാരുടെ പ്രവർത്തിനുവേണ്ടി ഞങ്ങൾ എല്ലാവരും ചേർന്ന് സഹായങ്ങൾ ചെയ്തു കൊണ്ടിരിക്കുകയും സഭയിൽ ഒരു ബോക്സ് വച്ച് അതിനകത്ത് വടക്കേ ഇന്ത്യയിലെയും മറ്റ് അയൽസംസ്ഥാനങ്ങളുടെ പ്രവർത്തനത്തിനായി അവരവരാൽ കഴിയുന്ന രീതിയിൽ സംഭാവനകൾ നിക്ഷേപിച്ച് ആവശ്യമായിവരുന്ന സ്ഥലങ്ങളിലെ മിഷനറിമാർക്ക് അയച്ചുകൊടുക്കുകയോ കൊണ്ടുകൊടുക്കുകയോ ചെയ്യാറുണ്ട്. ചിലപ്പോഴൊക്കെ മിഷനറിമാർ സഭയിൽ കടന്നുവരികയും അവരുടെ അനുഭവങ്ങൾ ഞങ്ങളോട് പങ്കുവയ്ക്കുകയും ചെയ്യാറുമുണ്ട്.

സഭയിൽ കൺവൻഷനുകളും ഉണർവ്വ് യോഗങ്ങളും ഇടക്കിടക്ക് നടത്താറുണ്ട്. ഈ യോഗങ്ങളിൽ കർത്താവിനാൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ദൈവദാസന്മാർ കടന്നുവന്ന് ദൈവവചനം പ്രഘോഷിക്കുകയും ജനത്തിന് വിടുതലായും മാറിക്കൊണ്ടിരിക്കുന്നു.

### സഭാവളർച്ചയ്ക്ക് കാരണമായ പ്രധാന സംഭവങ്ങളിൽ ചിലത് മാത്രം

സഭാപരിപാലനത്തോടുള്ള ബന്ധത്തിൽ ഒരു മന്ത്രവാദിയുടെ സഹോദരി 19 വയസ്സുള്ള ഓമന ഉച്ചയ്ക്ക് തന്റെ കുടിലിൽ കിടന്നുറങ്ങുമ്പോൾ മൂർഖൻ പാമ്പിന്റെ കടിയേറ്റു (ആ നാളുകളിൽ ഈ സഹോദരി മാത്രം ഞങ്ങളുടെ സഭയിൽ കടന്നു വരാറുണ്ടായിരുന്നു) ഉടൻ ചില വ്യക്തികൾ പാസ്റ്റർ എം. യേശുദാസിനെ വിളിക്കുവാൻ ആളയച്ചു. താൻ സ്ഥലത്ത് എത്തിച്ചേരുവാൻ കുറച്ച് സമയം താമസിച്ചുപോയി. ഇന്നത്തെപ്പോലെ വാഹനസൗകര്യങ്ങളൊന്നും അന്ന് ഇല്ലാത്തതിനാൽ എത്തിച്ചേരാൻ കഴിഞ്ഞില്ലായെന്നതാണ് സത്യം.

താൻ എത്തിച്ചേർന്നപ്പോൾ ഓമനയുടെ ശരീരം പാമ്പിന്റെ കടിയേറ്റു കരിനീലിച്ച് മരിച്ചതായി ദേശക്കാർ അറിയിച്ചു. ഓമനയെ തുണികൊണ്ട് മുഖം മൂടി ഇട്ടിരിക്കുന്നതായി കണ്ട് ഈ സമയം ദേശത്ത് നിന്നും കൂട്ടംകൂട്ടമായി ആൾക്കാർ കടന്നുവരികയും അതിൽ ഞങ്ങളുടെ സഭാവിശ്വാസികളിൽ ചിലരും നിൽപ്പുണ്ടായിരുന്നു. പാസ്റ്റർ എം. യേശുദാസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി വിളിച്ചു പറഞ്ഞു ഈ കുടുംബം തങ്ങളുടെ പാപം ദൈവത്തോട് ഏറ്റുപറഞ്ഞു ദൈവത്തോട് മനംതിരിഞ്ഞു പ്രാർത്ഥിക്കാമെങ്കിൽ മരിച്ച ഓമനയെ ദൈവം വിടുവിക്കും.

ഈ വാക്കുകൾ കേട്ട മാത്രയിൽ ഭവനക്കാരും ദേശക്കാരും ഒരുമിച്ച് നിലവിളിയോടും ഏറ്റു പറച്ചിലോടും തങ്ങളെത്തന്നെ ദൈവകരങ്ങളിൽ ഏൽപ്പിച്ചു. ഏകദേശം ഒരു മണിക്കൂറിന് ശേഷം പാസ്റ്റർ എം. യേശുദാസ് ഓമനേ എഴുന്നേൽക്കുക എന്നു പറഞ്ഞപ്പോൾ ഓമന കണ്ണ് തുറന്ന് ഏവരേയും നോക്കി. ഓമന ചോദിച്ചു നിങ്ങൾ എല്ലാവരും എന്തിനാണ് ഇവിടെ വന്നത്? അവൾ പിന്നെ സംഭവിച്ച വിഷയങ്ങൾ ക്രമീകൃതമായി എല്ലാവരെയും പറഞ്ഞുമനസ്സിലാക്കി. ഈ സംഭവത്തോടുള്ള ബന്ധത്തിൽ 47 പേർ രക്ഷിക്കപ്പെട്ട് സ്നാനമേറ്റ് സഭയോടു ചേർന്നു. മന്ത്രവാദി ഉൾപ്പെടെ രക്ഷിക്കപ്പെട്ടു സഭയോട് ചേരുകയും ഓമന പിന്നത്തേതിൽ കർത്താവിന്റെ വേലയ്ക്ക് വേണ്ടി വേർതിരിയുകയും ചെയ്തു. ഓമന വിവാഹിതയായി തന്റെ ഭർത്താവ് വിത്സനോടൊപ്പം കാരക്കോണത്തിനടുത്ത് മണിവിളയിൽ കുടുംബമായി മക്കളുമൊത്ത് കർത്താവിന്റെ വേല ചെയ്തു വരുന്നു.

### ഇനിയുള്ള തന്റെ ആഗ്രഹങ്ങൾ

ഇതൊരു മിഷണറി സഭയായതിനാൽ ഇനിയും അനേകദൈവദാസന്മാരെയും ദൈവദാസിമാരെയും കർത്താവിനായി വിവിധ ഇടങ്ങളിൽ അയക്കണമെന്ന് ആഗ്രഹിക്കുന്നു. അവർക്ക് ആവശ്യമായ പലിശീലനം കൊടുക്കുവാൻ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുക, വിശാലമായ കാർ പാക്കിംഗ് സൗകര്യത്തോടുകൂടി പുതിയൊരു ആരാധനാലയം പണിയുക, ദേശത്ത് മാതൃകയായി ജീവിച്ച് നിത്യതയിൽ എത്തിച്ചേരുക എന്നതാണ് ഇനിയുള്ള അതിയായ ആഗ്രഹം.

### പാസ്റ്റർ എം. യേശുദാസിൽ ഞങ്ങൾ കണ്ട ചില വ്യത്യസ്ഥതകൾ

തികഞ്ഞ പുഞ്ചിരിയും പ്രായത്തെ വകവയ്ക്കാത്ത പ്രസരിപ്പും ആരോടും സൗമ്യമായ ഇടപെടലും കർത്താവിന്റെ ഭൃത്യനിൽ ഞങ്ങൾ പലപ്പോഴും ദർശിച്ചിട്ടുണ്ട്. ലാന്റ്‌വേ ന്യൂസിന്റെ മുഖാമുഖം പരിപാടിയിലേക്ക് ഞങ്ങൾ ക്ഷണിച്ചപ്പോൾ വളരെ സ്നേഹത്തോടും അടുക്കും ചിട്ടയോടും ഞങ്ങളോടു സഹകരിച്ച് സംസാരിച്ചു.

അതിഥികളെ മാനിക്കാൻ മറക്കാത്ത വ്യക്തിത്വം, കുടുംബത്തോടുള്ള അതിയായ സ്നേഹം, ദൈവത്തോടുള്ള പ്രതിബദ്ധത ഇതെല്ലാം പാസ്റ്റർ എം. യേശുദാസന്റെ മുഖമുദ്രയായി ഞങ്ങൾ മനസ്സിലാക്കുന്നു. ഒരു സഭയിൽത്തന്നെ ഇത്രയും നാൾ സേവനം ചെയ്യുവാൻ ദൈവം നൽകിയ അവസരത്തെ ഞങ്ങൾ നന്ദിയോടെ അഭിനന്ദിക്കുന്നു.

ഇത്തരുണത്തിൽ ലാന്റ്‌വേ ന്യൂസിന്റെ എല്ലാവിധമായ അഭിനന്ദനങ്ങൾ അറിയിക്കുകയും കർത്താവിന്റെ ഭൃത്യന് ദൈവം വീണ്ടും ആയുസും ആരോഗ്യവും നൽകട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യുന്നു.



പാസ്റ്റർ സന്തോഷ് ജോസഫ്



# വിദ്യാർഥികൾക്കും മാതാപിതാകൾക്കും ചില പ്രായോഗിക നിർദ്ദേശങ്ങൾ

**ഈ ചെറിയ കാര്യങ്ങൾ വളരെ ലളിതമായി തോന്നാമെങ്കിലും, ചെറിയ ചെറിയ പടികളിലൂടെയാണ് വലിയ വിജയങ്ങൾ കൊയ്തെടുക്കുന്നതെന്ന് മറക്കാതിരിക്കുക.**

## 5. ഫ്രണ്ട്സ്

കൂട്ടുകാർ ഭാവിയെയും പഠനത്തെയും ബാധിക്കുമെന്നതുകൊണ്ട് നല്ല സുഹൃത്ത് ബന്ധങ്ങൾ മാത്രം തിരഞ്ഞെടുക്കുക. നല്ല സുഹൃത്തുക്കളിൽ നിന്നും പഠനത്തിന് പ്രോത്സാഹനവും സഹായവും ലഭിക്കും. വഴക്കുകളിലോ കൂട്ടുകാർ തമ്മിൽ ഉണ്ടാകുന്ന ചെറിയ ചെറിയ പ്രശ്നങ്ങളിലോ ഇടപെടാതിരിക്കുക. പെരുമാറ്റ ദൂഷ്യമുള്ളവരിൽ നിന്നും ഒഴിഞ്ഞിരിക്കുക. അത്തരം കൂട്ടുകെട്ടുകൾ പ്രശ്നങ്ങളിലേക്കും കുറ്റകൃത്യങ്ങളിലേക്കും നയിക്കും. യേശുവിനെ അനുഗമിക്കുന്ന, ക്രിസ്തീയ സാക്ഷ്യം വഹിക്കുന്ന കൂട്ടുകാർ, അവരുടെ സംസാരത്തിലൂടെയും ഇടപെടലുകളിലൂടെയും ദൈവസ്നേഹം പ്രദർശിപ്പിക്കുന്നവരായിരിക്കണം. കൂട്ടുകാരോട് രക്ഷകനായ ക്രിസ്തുവിനെക്കുറിച്ച് പറയുവാൻ ലഭിക്കുന്ന അവസരങ്ങളിലെല്ലാം അത് വിനിയോഗിക്കണം. മാതാപിതാക്കൾ കുട്ടികളുടെ കൂട്ടുകാരെക്കുറിച്ചും അവരുടെ ഇടപെടലുകളെയും കുറിച്ച് അറിഞ്ഞിരിക്കുന്നതും നല്ലതാണ്. നല്ല കൂട്ടുകെട്ടുകൾ മാത്രമേ പ്രോത്സാഹിപ്പിക്കാവൂ.

## 6. പോക്കറ്റ് മണി

സ്കൂൾ വിദ്യാർഥികളുടെ കൈയിൽ അധികമായി പണം നൽകാതിരിക്കുക. ഒരു സ്കൂൾ വിദ്യാർഥിക്ക് ആവശ്യമായി എത്രത്തോളം പണം വേണമെന്ന് മാതാപിതാക്കൾ അറിഞ്ഞിരിക്കണം. അമിതമായി കൊടുക്കുന്ന പണം ദുരുപയോഗം ചെയ്യുവാനാണ് സാധ്യത. മാത്രമല്ല സ്കൂൾ വിദ്യാർഥികളുടെ കൈയിൽ മാതാപിതാക്കൾ അറിയാതെ വന്നുചേരുന്ന പണം എവിടെ നിന്നാണെന്ന് കണ്ടെത്തുകയും അത് നിർത്തലാക്കുകയും ചെയ്യണം. മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗം സ്കൂൾ വിദ്യാർഥികളുടെ ഇടയിൽ ഇന്ന് കൂടിവരുന്ന സാഹചര്യത്തിൽ ഇത്തരം തെറ്റായ ഇടപാടുകളിലേക്ക് വിദ്യാർഥികൾ ചെന്നെത്താൻ സാധ്യതയേറെയാണ്. കുട്ടികൾക്ക് അവരുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് മനസിലാക്കി പണം ആവശ്യത്തിന് മാത്രം കൊടുക്കുക.

## 7. കല, കായികം, വ്യായാമം

കലാപരവും കായികവുമായ അഭിരുചിയുള്ളവർ വീട്ടിലും സ്കൂളിലും അതിനുള്ള അവസരങ്ങൾ ഉണ്ടാക്കിയെടുക്കണം. സംഗീതവും ഡാൻസും പോലെയുള്ള സർഗവാസനയുള്ള വിദ്യാർഥികൾക്ക് അത് ക്രമീകൃതമായി പഠിക്കുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം. കൂടാതെ വാദ്യോപകരണങ്ങൾ വായിക്കുവാൻ അഭിരുചിയുള്ളവരും സ്പോർട്സിൽ അഭിരുചി ഉള്ളവർക്കും വളരുവാനുള്ള അവസരങ്ങൾ മാതാപിതാക്കൾ ഉണ്ടാക്കിക്കൊടുക്കണം. ദൈവം തന്ന എല്ലാ കഴിവുകളും ചെറുപ്രായത്തിൽ തന്നെ കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യണം. അവ ജീവിതത്തിലെ ഏതെങ്കിലും അവസരങ്ങളിൽ പ്രയോജനപ്പെടുവാനും പ്രയോജനപ്പെടുത്തുവാനും കഴിയും.

സ്പോർട്സിൽ അഭിരുചിയുള്ളവരോ, സ്പോർട്സിനു പോകുന്നവരോ മാത്രമാണ് എല്ലാ ദിവസവും വ്യായാമത്തിന് പോകുന്നതെന്നൊരു തെറ്റായ ധാരണ നമുക്കിടയിലുണ്ട്. മാത്രമല്ല, പ്രായമായവരും ചില അസുഖങ്ങൾ ഉള്ളവരുമാണ് സ്ഥിരമായി വ്യായാമം ചെയ്യുന്നതെന്നും നാം കരുതുന്നു. എന്നാൽ വ്യായാമം ശാരീരിക ക്ഷമത നിലനിർത്തുവാനും ആരോഗ്യ സംരക്ഷണത്തിനും ആർക്കു വേണമെങ്കിലും ചെയ്യാം. സ്പോർട്സ് വിദ്യാർഥികൾ മാത്രമല്ല, എല്ലാവരും വ്യായാമം ചെയ്യുവാൻ സന്ദർഭം കണ്ടെത്തണം. രാവിലെയോ വൈകിട്ടോ അരമണിക്കൂർ ഓടുകയോ, സൈക്കിൾ ചവിട്ടുകയോ പോലുള്ള വ്യായാമം ചെയ്യുന്നത് ഫിറ്റ്നസ് കാത്തുസൂക്ഷിക്കുവാനും പഠനത്തിൽ കൂടുതൽ ശ്രദ്ധിക്കുവാനും മാനസിക ബലം നൽകും. അതുകൊണ്ട് എല്ലാ വിദ്യാർഥികളും പ്രത്യേകിച്ചും മുതിർന്ന ക്ലാസുകളിൽ പഠിക്കുന്നവർ ദിവസേന വ്യായാമത്തിനു സമയം കണ്ടെത്തുക.

## 8. സ്കൂൾ യാത്ര

നല്ലൊരു ശതമാനം വിദ്യാർഥികളും വാഹനങ്ങളിലാണ് ഇന്ന് സ്കൂളിൽ പോകുന്നത് വാഹനങ്ങളിലാണ്. സ്കൂൾ ബസുകളിലും രക്ഷാകർത്താക്കൾ ഒരുമിച്ച് വാടകയ്ക്കെടുത്ത വിദ്യാർഥികളെ സ്കൂളിൽ അയയ്ക്കുന്ന ഓട്ടോ, ജീപ്പ്, മിനി ബസ് തുടങ്ങിയ വാഹനങ്ങളിലും തിങ്ങി നിറഞ്ഞാണ് വിദ്യാർഥികൾ യാത്ര ചെയ്യാറുള്ളത്. സ്കൂൾ വാഹനാപകടങ്ങളിൽ വർഷം തോറും മരണമടയുന്ന കുട്ടികൾ നിരവധിയാണ്. അതുകൊണ്ട് ഇത്തരം വാഹനങ്ങളിൽ കുട്ടികളെ സ്കൂളിൽ അയയ്ക്കുമ്പോൾ വളരെ ശ്രദ്ധിക്കണം. കൊച്ചുകുട്ടികളെ മുതിർന്ന കുട്ടികളുടെയോ ആയമാരുടെയോ സംരക്ഷണ ചുമതലയിൽ വേണം പറഞ്ഞയയ്ക്കാൻ. അതുപോലെ തന്നെ വാഹനം പൂർണമായും നിർത്താതെ ഇറങ്ങുകയോ കയറുകയോ ചെയ്യാതിരിക്കാനും കുട്ടികളോട് പറയണം. സ്കൂൾ വാഹനങ്ങൾ നിർദ്ദേശിച്ചതിലും അധികം സ്പീഡിൽ ഓടിച്ചാൽ അത് ഡ്രൈവറെയോ സ്കൂൾ അധികൃതരെയോ അറിയിക്കേണം. അകാരണമായി പതിവിലും നേരത്തെയോ താമസിച്ചോ കുട്ടികൾ എത്തുകയാണെങ്കിൽ അതിന്റെ കാരണങ്ങൾ മാതാപിതാക്കൾ അറിഞ്ഞിരിക്കണം.

## 9. ഇലക്ട്രോണിക് മീഡിയാ

ടിവി, ഇന്റർനെറ്റ്, മൊബൈൽ എന്നിവ നിത്യജീവിതത്തിന്റെ ഭാഗമാണ്. ഒരിക്കലും ഒഴിവാക്കാനാവാത്തത്ര സ്വാധീനവും ഉപയോഗവുമാണ് ഇതിനുള്ളത്. എന്നാൽ അപക്വമായി ഇവയെ സമീപിച്ചാൽ, ദുരുപയോഗം ചെയ്താൽ അത് ശാരീരികവും മാനസികവുമായ വൈകല്യങ്ങൾ സൃഷ്ടിക്കുകയും പഠനത്തെ സാരമായി ബാധിക്കുകയും ചെയ്യും. ഇവയെ പൂർണമായും ഉപയോഗിക്കാതിരിക്കാൻ ഇന്ന് സാധ്യമല്ലാത്തതുകൊണ്ട് അവയുടെ ഉപയോഗം വിദ്യാർഥികളുടെ ഇടയിൽ പരിമിതപ്പെടുത്തുകയും അവയുടെ ഗുണദോഷവശങ്ങളെ പറ്റി ബോധവത്കരണം നടത്തുകയുമാണ് ഉത്തമം. ടിവിയും ഇന്റർനെറ്റുമൊക്കെ നിശ്ചിത സമയം മാത്രം ഉപയോഗിക്കാൻ അനുവദിക്കുക. ഇന്റർനെറ്റിൽ ഏതെല്ലാം വെബ്സൈറ്റുകൾ ആണ് കുട്ടികൾ ബ്രൗസ് ചെയ്യുന്നതെന്ന് ശ്രദ്ധിക്കണം. കൂടാതെ ഫെയ്സ്ബുക്ക് പോലുള്ള സോഷ്യൽ നെറ്റ്‌വർക്കുകളിലെ സാന്നിധ്യവും ശ്രദ്ധിക്കുക. നിരവധി സൈബർ ക്രൈമുകളിൽ കുട്ടികളും ഉൾപ്പെടുന്നതാണെന്നുള്ള വാർത്തകൾ പുതുമയല്ലല്ലോ. മുതിർന്ന കുട്ടികളുടെ പതിവായുള്ള സ്വകാര്യവും ദീർഘവുമായുള്ള സംഭാഷണങ്ങൾ എന്താണെന്നും ആരോടാണെന്നും അറിഞ്ഞിരിക്കുന്നതും നല്ലതു തന്നെ. കുട്ടികളുടെ പഠനത്തെ ബാധിക്കുന്നതും ഭാവിക്കു കോട്ടം വരുത്തുന്നതുമായ ഇടപാടുകളും ശീലങ്ങളും സുഹൃത്ത് വലയങ്ങളും ഇത്തരം മാധ്യമങ്ങളിലൂടെ ഉണ്ടാകാനിടയുള്ളതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ മാതാപിതാക്കൾ ബുദ്ധിപൂർവമായ സമീപനങ്ങൾ നടത്തുന്നത് നല്ലതുതന്നെ. ടിവി കാണുവാൻ കൂടുതൽ ആഗ്രഹമുണ്ടെങ്കിൽ അത് അവധി ദിവസമായ ശനി, ഞായർ, ദിവസങ്ങളിലോ ചെയ്യാവുന്നതാണ്. സ്കൂൾ ദിനങ്ങളിൽ സ്ഥിരം ടി.വി കാണുന്നത് ഒഴിവാക്കുക.

## 10. പ്രോത്സാഹനം

ചില മാതാപിതാക്കൾ കുട്ടികൾക്ക് പഠിക്കാനുള്ള സാമ്പത്തികവും ഭൗതികവുമായ സാഹചര്യങ്ങൾ മാത്രം ഒരുക്കിക്കൊടുക്കുക ആണ് ചെയ്യാറുള്ളത്. കുട്ടികളുടെ മാനസിക പിരിമുറുക്കമോ പ്രതിസന്ധികളോ അവരുടെ സംഘർഷങ്ങളോ വൈഷമ്യങ്ങളോ കണ്ടെത്തുകയോ ശ്രദ്ധിക്കുകയോ മനസിലാക്കുകയോ പരിഹരിക്കുകയോ ചെയ്യാറില്ല. എന്നാൽ നല്ല മാതാപിതാക്കൾ അവരുമായി സംസാരിക്കാനും കളിക്കാനും ഒരുമിച്ചിരുന്നു കഴിക്കാനുമൊക്കെ സമയം കണ്ടെത്തണം. അവരുടെ പ്രശ്നങ്ങൾ മനസിലാക്കുകയും സൗമ്യമായി പറഞ്ഞു പരിഹരിക്കുകയും ചെയ്യണം. അവർക്ക് നിരന്തരം പ്രോത്സാഹനം കൊടുക്കുകയും ബുദ്ധിപൂർവമായി ശാസിക്കുകയും ചെയ്യണം. എപ്പോഴും വഴക്ക് പറയുകയും എപ്പോഴും പഠിക്കെടാ, അല്ലെങ്കിൽ പഠിക്കെടീ എന്നു പറഞ്ഞു കുട്ടികളെ പഠനത്തോടുള്ള മാനസിക വിരക്തിയിലെത്തിക്കാതെ പഠനത്തോട് താൽപ്പര്യം ജനിപ്പിക്കുന്ന രീതിയിൽ അവരോട് ഇടപെടണം. അവർക്ക് നല്ല സ്വപ്നങ്ങളും പ്രതീക്ഷകളും ഉണ്ടാക്കി കൊടുക്കണം.

ഈ ചെറിയ കാര്യങ്ങൾ വളരെ ലളിതമായി തോന്നാമെങ്കിലും, ചെറിയ ചെറിയ പടികളിലൂടെയാണ് വലിയ വിജയങ്ങൾ കൊയ്തെടുക്കുന്നതെന്ന് മറക്കാതിരിക്കുക. അതുകൊണ്ടുതന്നെ ഈ ചെറിയ കാര്യങ്ങൾ വലിയ വിജയത്തിലെത്തിക്കുന്ന വലിയ കാര്യങ്ങളായി തന്നെ കണക്കാക്കി അനുവർത്തിക്കുവാൻ ശ്രമിച്ചാൽ, അത് ജീവിതത്തെയും പഠനത്തെയും ഭാവിയെയും മാറ്റിമറിക്കും. ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക: ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല (സദൃ. 22:6).









Dear Landway readers,

We are extremely happy to launch 'World Scan' a page exclusively for international news from America, Europe, Asiaand Africa.It is our earnest endeavourto update our valuable readers with latest breaking news from around the world.We would like to highlight the major events and its impact on the society. There would be a news analysis column that see and understand the world from a different angle.

Our world is passing through a turbulent phase. Have we ever had noted what problems our world faces today? Have you ever asked people around you "what do you think is the biggest problem in the world today?" We might be loaded with technology. But with the advancement in our lifestyle, we now have to face many issues. There are a whole lot of things that bothers a whole of population in the world today. Yes, we should think about solving the problems. But to solve a problem, we first need to identify and understand it. In order to make our earth a better place to live for our children and our children's children, we need to know what problems our world faces and how we can solve them.

We hope our 'World Scan' would bring awareness about things that happen around us and think for remedies to create a happy and prosperous world.

**Duglas Joseph**
**Overseas Reporter**

By Overseas Reporter

# ORLANDO SHOOTING AND GUN CULTURE IN USA

Americans are yet to recover from the shock of Orlando mass shooting in which 29-year-old Omar Mateen walked into a gay nightclub in Orlando, wielding an assault rifle and a pistol and shot 50 people dead, the worst mass shooting in United States history.

The alarming frequency with which mass shootings occur in the United States raising many questions. Americans make up less than 5 percent of the global population, but they own more than 40 percent of the world's guns.

Americans fascination with guns dates back to the first settlers who left England and settled in the new land. The early Americans used guns as a means to hunt for food and self-protection from wild animals and native people. Later in the American war of independence, guns played an important role. The British army was well equipped and trained, whereas the colonists were mostly ill trained farmers and craft men. However majority of Americans possessed guns which helped them to defeat the British and gain independence.

Gun ownership in the United States is constitutionally protected by the United States Bill of Rights. Firearms are widely used in the United States of America for self-defence, hunting, and recreational uses, such as target shooting. After many massive shooting deaths, there is widespread demand in US for strict control of Gun ownership. While the conservatives demand for gun rights , the liberals stand for stricter gun control.

Mateen carried out the bloodiest mass shooting in recent history despite being on the FBI's radar.The Orlando shooter had been investigated in the past for possible terrorist ties. But there was absolutely no problem for him to buy a deadly assault rifle. .The number of gun-related deaths in the US is high, especially when compared with the rest of the world.

Americans make up less than 5 percent of the global population, but they own more than 40 percent of the world's guns.

What would be the reasons of growing mass murders and violence in the American society? There are many causes of moral degradation, alienation from spiritual life, poor parenting, the careless attitude of society, influence of media, family breakdowns and increased freedom. According to poll results, 45 percent of the U.S. population thinks that the morality of the society is poor, reveals CNN report. A recent study shows that more Americans became atheists and expressed their disbelief in God. For centuries, the traditional family was the basic building block of American society; however the concept of family is being diluted and corrupted. 2015 became the eight straight year in which 40 percent of or more of the babies born in United States were born to unmarried mothers.

In short, the moral values of society worsen because many parents fail to teach children morality. The growing materialism and individualism made people selfish and less consideration for others,. Family breakdowns contribute to moral degradation because they cause children to lose self-respect and respect for others.

## Europe News

### UK votes to exit European Union



UK votes to exit EU, PM David Cameron to quit Brexit won finally by a wafer-thin majority of 51.9 per cent in the referendum held on Thursday that also raised questions over the longevity of the Conservative Prime Minister who aggressively campaigned for Remain.

Prime Minister David Cameron Friday announced his resignation in the wake of defeat in the crucial referendum after Britain voted to leave EU in a deadly blow to the 28-nation bloc that triggered a panic reaction in world markets and raised questions over immigration and other issues in the UK after the divorce.

### Pro-life advocates criticise UN for 'championing' abortion in Ireland



The United Nations has essentially endorsed the killing of innocent unborn babies, and pro-life advocates will not take this sitting down. Pro-life groups and individuals are joining forces to criticise a recent ruling from the United Nations human rights committee which described the ban on abortions imposed by the Irish government as a violation of women's rights.

## American News

### DONALD TRUMP VS. HILLARY CLINTON

Hillary Clinton is the Democratic nominee to be US president, and she'll take on Donald Trump

in this Autumn's US election. The US will now have a choice on 8 November between Donald Trump and Hillary Clinton becoming the 45th President of the USA.

Donald Trump, star of The Apprentice, will face off against Hillary Clinton. Both parties select their nominee via state contests in which candidates win delegates who then vote for them at the party convention. America is facing the prospect of electing their first ever former reality TV star as president, or the first woman to hold the office since it was established in 1789.

## Middle East/Gulf News

### Burj Khalifa builder 'Emaar' plans taller tower in Dubai



Emaar Properties on Sunday unveiled 'The Tower' worth $1 billion in its Dubai Creek Harbour development and the tower will be taller than BurjKhalifa.

BurjKhalifa is the tallest building in the world and its height goes up to 828 metres. It is due to open by the time Dubai hosts the World Expo in 2020. The new tower is designed by Spanish-Swiss architect Santiago CalatravaValls will not be a traditional skyscraper but more of a cable-supported spire containing observation decks, hanging garden and possibly other tourist facilities.

### Deadliest mass shooting in American history

The terror attack on an Orlando nightclub is the deadliest American public mass shooting, with more than 50 people killed and 53 people injured, according to the city's Mayor. Officials have described the shooting as an act of terrorism, and said there are "suggestions" that the gunman "may have had leanings" towards a violent jihadist ideology.

### Parents file lawsuit to remove yoga from California schools

Parents,urged the San Diego Superior Court to immediately suspend "Ashtanga Yoga" programme of the Encinitas Union School District (EUSD) and restore traditional physical education.

A civil lawsuit has been filed against a school district in California seeking to suspend a controversial yoga programme which parents feel "unlawfully" promote religious beliefs.

As such,theprogramme violates California constitutional provisions prohibiting government religious preference and religious discrimination,alleged the lawsuit.

# നാം ഭൂമിയുടെ ഉപ്പ്

സജി ഫിലിപ്പ്, തിരുവഞ്ചൂർ

നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പു കാരമില്ലാതെപോയാൽ അതിന് എന്തൊന്നുകൊണ്ട് രസം വരുത്താം? പുറത്തു കളഞ്ഞിട്ട് മനുഷ്യർ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല (മത്തായി 5:13).

ക്രിസ്തുശിഷ്യന്മാരുടെയും ക്രൈസ്തവസഭയുടെയും ആധ്യാത്മികതയ്ക്കു ലോകത്തെ രൂപാന്തരപ്പെടുത്തുക എന്ന ഒരു ബാഹ്യഭാവം ഉണ്ട്. ക്രിസ്തുവിന്റെ ആത്മിക ജീവൻ ഉൾക്കൊണ്ട് അനുദിനം സമൃദ്ധമായി തുടിക്കുന്ന ഒരു ചലനാത്മക സമൂഹമാകണം ക്രൈസ്തവ സഭ. ഒരിക്കലും നിശ്ചലമായ സമൂഹമായിരിക്കുവാൻ സഭയ്ക്കാകുകയില്ല, അത് പ്രവർത്തനനിരതമാകണം. ഈ വസ്തുതയിലേക്കാണ് ഈ വാക്യം വിരൽ ചൂണ്ടുന്നത്.

ഉപ്പു പ്രധാനമായും ആഹാരപദാർത്ഥത്തെ രുചിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. മത്സ്യം, മാംസം തുടങ്ങിയവ ചീഞ്ഞുപോകാതിരിക്കുവാനും അത് സഹായിക്കുന്നു. പുരാതനകാലം മുതൽ ഈ ആവശ്യങ്ങൾക്കായി മനുഷ്യൻ ധാരാളം ഉപ്പ് ഉത്പാദിപ്പിച്ചിരുന്നു. വളമായും ഉപ്പ് ഉപയോഗിക്കുന്നുണ്ട്. കൂടാതെ മുറിവുണക്കുവാനും ദുർനീരു നീക്കുവാനും ഉപ്പ് സഹായകമാണ്.

നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു എന്ന് യേശുനാഥൻ പറയുമ്പോൾ, ക്രിസ്തുശിഷ്യരായ നാം ഒരു സവിശേഷതയുള്ള സമൂഹമായി ലോകത്തിൽ നിലനിൽക്കണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. നാം വിശുദ്ധ വംശമായി തെരഞ്ഞെടുക്കപ്പെട്ടവരാണെന്നും 'വിശുദ്ധ പത്രോസ്' രേഖപ്പെടുത്തിയിരിക്കുന്നത് ഇതേ അർത്ഥത്തിലാണ്. മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ നന്മയുടെ ഏറ്റവും വലിയ സ്രോതസ്സായി നാം വിളിക്കപ്പെട്ടിരിക്കുകയാണ്.

രസം വരുത്തുവാനുള്ള ഗുണം (കാരം) ഉള്ളതുകൊണ്ടാണ് ഉപ്പിന് അതിന്റെ സവിശേഷ മേന്മയുള്ളത്. എപ്പോൾ കാരം നഷ്ടപ്പെടുന്നുവോ ആ നിമിഷം മുതൽ അത് ഉപ്പല്ല. പ്രയോജനരഹിതമായതിനെ തള്ളിക്കളയുന്ന ലോകം ക്രമേണ കാരമില്ലാത്തിനെ വലിച്ചെറിയും. ഒരിക്കൽ രസം നഷ്ടപ്പെട്ടാൽ ഉപ്പ് ഉപയോഗ്യമാക്കുവാൻ മറ്റു മാർഗങ്ങളില്ല. സഭയ്ക്ക് അതിന്റെ തനിമയും സ്വഭാവവും സൂക്ഷിക്കുവാൻ കഴിയുമ്പോൾ മാത്രമാണ് അത് യഥാർത്ഥസഭയാകുന്നത്. ആദിമ സഭ അപ്രകാരമുള്ള ഒരു ഗുണാത്മക സമൂഹമായിരുന്നു. കൂട്ടായ്മയുടെ ഉദാത്ത മാതൃകയായി സഭ വിളങ്ങി. അതിനുള്ള ആത്മീയ സ്വഭാവം അത് നിലനിർത്തി. എന്നാൽ, ദൈവമക്കളെന്ന് അവകാശപ്പെടുന്ന നാം കാരമില്ലാത്ത ഉപ്പുപോലെയായിത്തീർന്നാൽ ലോകം നമ്മെ പുറന്തള്ളും.

ആഹാരവസ്തുവിനെ അപേക്ഷിച്ച് അതിൽ ചേർക്കുന്ന ഉപ്പിന്റെ അളവ് വളരെ കുറവായിരിക്കും. എന്നാൽ അതിന്റെ പ്രവർത്തനത്തെ അവഗണിക്കാനാവില്ല. ആധുനിക സമൂഹത്തിൽ ക്രൈസ്തവർ ന്യൂനപക്ഷമായിരിക്കാം. എങ്കിലും യഥാർത്ഥ ക്രിസ്തീയ സ്വഭാവ വൈശിഷ്ട്യം നാം കാത്തുസൂക്ഷിച്ചാൽ നമുക്ക് സമൂഹത്തെ വളരെ സ്വാധീനിക്കുവാൻ കഴിയും. ആത്മീയചൈതന്യമുള്ള കുറെപ്പേർ ഉണ്ടെങ്കിൽ, നിശ്ചയമായും അവർക്ക് സമൂഹത്തെ മുഴുവൻ മാറ്റിമറിക്കുവാൻ കഴിയും. അതിനാണ് യേശു നമ്മെ വിളിച്ചത്.

ഉപ്പ് ഒരു വസ്തുവിനെ രുചിപ്പിക്കുന്നത് സ്വയം ഇല്ലാതായിക്കൊണ്ടാണ്. ആഹാരപദാർത്ഥത്തിന്റെ തന്മാത്രകൾക്കിടയിൽ ഉപ്പിന്റെ തന്മാത്രകൾ പ്രവേശിക്കുന്നു. അതുപോലെ, സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളാതെ മറ്റുള്ളവർക്കുവേണ്ടി സ്വയം ഇല്ലാതായിത്തീരുമ്പോഴാണ് നാം ലോകത്തിന്റെ ഉപ്പായിത്തീരുന്നത്. സ്വയം ശൂന്യമായിത്തീരുക എന്നതു നാം അടിസ്ഥാനപ്രമാണമാക്കി, മറ്റുള്ളവരിലേക്ക് ഇഴുകിച്ചേരുന്നതിലൂടെ നാം ദൈവരാജ്യത്തിന്റെ സ്ഥാനാപതികളാകണം.

മറ്റുള്ളവരുടെ ദുഃഖത്തിന്റെ പങ്കുചേർന്ന്, അവരുടെ വേദനയിലും രോഗത്തിലും പങ്കുചേർന്ന്, അവ ദുരീകരിക്കുന്നതിലൂടെ നമുക്ക് ലോകത്തിന്റെ ഉപ്പാകാം. അതിലുപരി ആത്മനാശം സംഭവിച്ചുകൊണ്ടിരിക്കുന്നവർക്ക് യേശുവിന്റെ രക്ഷാസന്ദേശം നൽകുകയും ആ സന്ദേശത്തിന്റെ സജീവ മാതൃകയായി നാം ജീവിക്കുകയും ചെയ്യണം. ഇവിടെ നാം സ്വയം സൃഷ്ടിച്ചെടുക്കുന്ന അന്തസ്സും ആഭിജാത്യവുമൊക്കെ ചിലപ്പോൾ അതിനുവേണ്ടി അടിയറവയ്ക്കേണ്ടി വരും.

ആധുനിക മാധ്യമവിപ്ലവവും ഉപഭോഗസംസ്കാരവും മനുഷ്യനെ ധാർമികാധഃപതനത്തിൽ എത്തിച്ചിരിക്കുകയാണ്. അഴിമതി, വഞ്ചന, മത്സരം, മദ്യപാനം തുടങ്ങിയ മലീമസമായ പ്രവർത്തനങ്ങളിൽ സാമൂഹ്യജീവിതം ചീഞ്ഞളിഞ്ഞു കൊണ്ടിരിക്കുകയാണ്. സ്വാർത്ഥതയും സുഖലോലുപതയും വർദ്ധിച്ചുവരുന്ന ഈ ശോചനീയമായ സാഹചര്യത്തിൽ നാം ഭൂമിയുടെ ഉപ്പായിരുന്നു ലോകത്തിന് മുഴുവൻ പരിവർത്തനം വരുത്തേണ്ടതാണ്.

സ്വാർഥതയുടെ മേഖലകളിൽ നിസ്വാർഥതയുടെ പ്രതീകമായ വിദ്വേഷത്തിന്റെ വീഥികളിൽ സ്നേഹത്തിന്റെ പ്രചാരകരുമായിത്തീരാം.

ദുർഗന്ധം വമിക്കുന്ന ലോകവ്യവസ്ഥിതികളുടെ മധ്യത്തിൽ ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച്, തകർന്നടിഞ്ഞ ബന്ധങ്ങളിൽ ക്രിസ്തീയ സ്നേഹത്തിന്റെ നറുമണം വീശി അവയെ പുതുക്കിപ്പണിയാം. നീതിയുടെയും സാഹോദര്യത്തിന്റെയും പ്രവാചകരാകാം.

സാമൂഹ്യപരിഷ്ക്കർത്താക്കളുടെയും രാഷ്ട്രീയക്കാരുടെയും പ്രസംഗങ്ങൾ കേട്ട് തഴമ്പിച്ച ലോകത്തിൽ ഒരു പരിധി വരെ നമുക്കു സമൂഹത്തെ വിമർശിക്കേണ്ടതുണ്ടോ? അല്ല, അവരെ തിന്മയിൽനിന്നും വിമോചിപ്പിക്കുവാൻ നമുക്ക് നന്മയുടെ, ആത്മീയതയുടെ ഉപ്പുകൊണ്ട് സമൂഹത്തെ രുചിയുള്ളതാക്കാം. അതെ, നമുക്കു ലോകത്തിന് ഉപ്പ് ലവണവുമാകാം.

## ബൈബിൾ ക്വിസ് ജൂലൈ 2016

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം ഐ.പി.സി. ഹെബ്രോൻ ചർച്ച്, പന്തളം, രണ്ടാം സമ്മാനം: പാസ്റ്റർ സി. ജോണും കുടുംബവും, ന്യൂഡൽഹി**

**ജൂലൈ 2016 ലെ വേദഭാഗം: യെസക്കിയേൽ അദ്ധ്യായം 21 മുതൽ 30 വരെ**

1. സകലവൃക്ഷത്തെയും നിരസിക്കുന്നതു എന്ത്?
2. യെഹോവയായ കർത്താവ് എടുത്തുകളയുമെന്ന് പറഞ്ഞിരിക്കുന്നത് എന്താണ്?
3. ആരാണു ദേഹികളെ നശിപ്പിക്കാൻ നോക്കുന്നത്?
4. ദേശത്ത് നിന്നും നീക്കിക്കളയുന്നത് എന്ത്?
5. ആരെയാണ് വെറും പാറയാക്കുന്നത്?
6. സമുദ്രത്തിൽ നിന്നും കയറി വന്നത് എന്ത്?
7. തീയാൽ വിട്ടു പോകാത്തത് എന്ത്?
8. ഞാൻ സമുദ്രമദ്ധ്യേ ദൈവാസനത്തിൽ ഇരിക്കുന്നുവെന്ന് പറഞ്ഞത് ആര്?
9. പാഴും ശൂന്യവുമായി തീരുന്ന ദേശം എന്ത്?
10. എവിടെയാണ് പകൽ ഇരുണ്ട് പോകുന്നത്?

• **2016 ജൂൺ മാസത്തിലെ ശരിയുത്തരങ്ങൾ**

1. പെരത്യാവ് (യെഹസ്ഹിയേൽ 11:13), 2. നടുക്കത്തോടെ (12:18). 3. ശൂന്യപ്രദേശങ്ങളിലെ കുറുക്കന്മാരോട് (13:4), 4. നോഹാ, ദാനിയേൽ, ഈയ്യോബ് (14:4), 5. തകശുതോൽ (16:10), 6. യെരുശ ലേമിനെക്കുറിച്ച് (16:44), 7. ലെബാനോൻ (17:3), 8. യിസ്രായേൽ ദേശത്ത് (18:1), 9. ബാബേൽ രാജാ വിന്റെ അടുക്കൽ (19:9), 10. യിസ്രായേൽ മൂപ്പന്മാർ (20:1).

• **നറുക്കടുപ്പിലൂടെ സമ്മാനം ലഭിച്ചത്:**

*ഒന്നാം സമ്മാനം* – Princy Xavier, Gilgal Cottage, Thoppuvila Powdikanam P.O., TVM

*രണ്ടാം സമ്മാനം* – Robert Johnson, Singlipatty, Puliyangidi, Tamilnadu

• **ശരി ഉത്തരം അയച്ചവർ**

1). Betty Rajan, A.G Church, Pathanapuram. 2). Pr. Binu B, IPC Carmel Hall, Kasargod. 3). Princy Xavier, Gilgal Cottage, TVM. 4). Shainy Udayakumar, Karakattu Parampil, Pallikkara. 5). Reena S, Thoppil veedu, Neyyattinkara. 6). Baby George, Bethelmandiram, Panachamoodu P.O. 7). Reena Joy, Vayakkal Peedikayil, Eravipuram P.O. 8). Rechel Babu, Mannil View, Edappally North. 9). Manu M. George, Mattappalil, Thrissuer. 10). Binu K. Mathew, Keerikkattu Bethel Villa, Vaikkom. 11). Robert Johnson, Puliyangidi, Tamilnadu. 12). Shiju Mathew,Girinagar, New Delhi. 13). Abhilas K. U., Kundoormadathilpadi House, Kadumeni P.O.

**നിബന്ധനകൾ**

1. എല്ലാ മാസവും 25–ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നുറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.

## Landway *Health Tips*

## ഗർഭിണികളിലെ നടുവേദനയുടെ കാരണങ്ങൾ

നടുവേദന എന്ന പ്രശ്നം ഉണ്ടാകുമ്പോഴും പെട്ടെന്ന് അതിനുള്ള ഉത്തരം തിരയും. ഗർഭിണികളിൽ പലർക്കും നടുവേദന ഉണ്ടാകാറുണ്ട്. അതിനു പെട്ടെന്ന് ഒരു ഉത്തരം പറയാൻ അസാദ്ധ്യമാണ്. ഗർഭിണികളിൽ പലരും നടുവേദന മാറ്റുന്നതിൽ പരാജിതരാണ്. ഘട്ടം ഘട്ടമായി അത് മാറാൻ ശ്രമിക്കാത്തതാണിതിനു കാരണം.

ഇതിൽ പ്രാരംഭഘട്ടം എന്നത് വേദനയുടെ കാരണങ്ങൾ വേർതിരിച്ചറിയുക എന്നതാണ്. എന്നാൽ മാത്രമേ അവ ഒഴിവാക്കാനുള്ള കാര്യങ്ങൾ ചെയ്യാനാകൂ. ഇത് ശരിയായി ചെയ്തില്ലെങ്കിൽ തൽക്കാല ആശ്വാസം മാത്രമേ ലഭിക്കുകയുള്ളു. വേദന വീണ്ടും ഉണ്ടാകുകയും ചെയ്യും.

പ്രശ്നം പരിഹരിക്കാനുള്ള ശ്രമം തുടങ്ങണം എന്നതിന്റെ ഒരു ലക്ഷണമാണ് വേദന. വീണ്ടും ആദ്യപടി എന്നത് വേദനയുടെ കാരണം കണ്ടെത്തുക എന്നത് തന്നെയാണ്. കാരണം കണ്ടെത്തിയില്ലെങ്കിൽ അത് ഗർഭിണിയെ കൂടുതൽ വേദനയിലേക്ക് നയിക്കും. ഇത് ഏറ്റവും പ്രധാനപ്പെട്ടതും എല്ലാവരും അവഗണിക്കുന്നതുമായ ഘട്ടമാണ്. നിങ്ങൾ ശരിയായ രീതിയിലാണ് തുടരുന്നത് എന്ന് ഉറപ്പുവരുത്തുക. നിങ്ങളുടെ ഇരിപ്പ്, നിൽപ്പ്, കുനിയൽ, സാധനങ്ങൾ ഉയർത്തൽ എന്നിവ ശരിയായ വിധത്തിൽ അല്ലെങ്കിൽ പ്രശ്നം പരിഹരിക്കാനാവില്ല. മറ്റൊരു രീതി എന്നത് നടുവേദന ഒഴികെ ബാക്കിയുള്ള എല്ലാ ലക്ഷണങ്ങളും കുറഞ്ഞു എന്ന് ഗർഭിണിയെ നിരീക്ഷിച്ചു മനസ്സിലാക്കുക.

ഇതിനു കാരണം സ്ത്രീകൾക്ക് ഇറുകിയ പേശികളും, ദുർബല പേശികളും, ദുർബലമായ ജോയിന്റ് ചലനങ്ങളുമാണ്. നട്ടെല്ലിന്റെ അസന്തുലിതാവസ്ഥ പേശികളിൽ സമ്മർദ്ദം ഉണ്ടാക്കുകയും ജോയിന്റുകൾ ബാലൻസ് ഇല്ലാതാകുകയും ചെയ്യുന്നു.

ഗർഭിണികളിൽ പേശികളുടെ അസന്തുലിതാവസ്ഥ എന്തുകൊണ്ട് ഉണ്ടാകുന്നു എന്ന് മനസ്സിലാക്കണം. ഗർഭിണിയിൽ ആദ്യം പരിഗണിക്കേണ്ടത് കുഞ്ഞിന്റെ ശരിയായ വളർച്ചയാണ്. കുഞ്ഞിന്റെ തല പതിവായി ഞെരുങ്ങുമ്പോൾ അമ്മയുടെ നട്ടെല്ലും ഞരമ്പും വികസിക്കുന്നു. നട്ടെല്ലിന്റെ അലൈൻമെന്റിലെ മാറ്റം കാരണം ഗർഭിണി ആയിരിക്കുമ്പോൾ ചെറിയ നടുവേദന അനുഭവപ്പെടുന്നു. അതുകൊണ്ട് തന്നെ നിങ്ങൾ ഡോക്ടറുടെ നിർദ്ദേശപ്രകാരം നടുവേദനയ്ക്കും അനുബന്ധ പ്രശ്നങ്ങൾക്കും ശരിയായ പരിഹാരം കാണേണ്ടതാണ്.

# പാസ്റ്റർ റ്റി.ഡി. തോമസ് കെ.യു.പി.എഫ് പ്രസിഡന്റ്



പാസ്റ്റർ റ്റി. ഡി. തോമസ്



പാസ്റ്റർ കെ.വി. ജോൺസൺ

**ചാക്കോ കെ. തോമസ്**

ബാംഗ്ലൂർ: കർണാടകയിലെ ക്രൈസ്തവ പെന്തെക്കോസ്ത് സഭാ വിശ്വാസികളുടെയും ശുശ്രൂഷകരുടെയും ആത്മീയ കൂട്ടായ്മയായ കർണാടക യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പ് (കെ.യു.പി.എഫ്) സംസ്ഥാന പ്രസിഡന്റായി പാസ്റ്റർ റ്റി.ഡി. തോമസ് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ സി.ജി. ബാബു (വൈസ് പ്രസിഡന്റ്) പാസ്റ്റർ കെ.വി. ജോൺസൺ (ജനറൽ സെക്രട്ടറി), പാസ്റ്റർ കെ.വി. ജോസ് (ജോയിന്റ് സെക്രട്ടറി), സാജൻ കെ.ജോർജ്ജ് (ട്രഷറർ), കമ്മിറ്റി ഭാരവാഹിക ളെയും തെരഞ്ഞെടുത്തു. ഹെണ്ണൂർ എം.പി. ലൈഫ് ബൈബിൾ കോളേജ് ഓഡിറ്റോറിയത്തിൽ ഡോ. ജോൺ താന്നിക്കൽ, പാസ്റ്റർ റ്റി.ഡി. തോമസ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു കെ.യു.പി എഫിന്റെ 12 –ാമത് വാർഷിക ജനറൽ ബോഡിയുടെ തെരഞ്ഞെടുപ്പും നടത്തി.

# തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷിക സമ്മേളനവും സ്തോത്ര പ്രാർത്ഥനയും സമാപിച്ചു

തിരുവല്ല: ദൈവസഭയുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ 15–ാം വാർഷിക സമാപനവും സ്തോത്ര പ്രാർത്ഥനയും 2016 മെയ് 28 ശനിയാഴ്ച രാവിലെ 9.30 ന് തിരുവല്ലാ മഞ്ഞാടി കൊമ്പാടിയിലുള്ള ജോസഫ് മർത്തോമ്മാ റിട്രീറ്റ് സെന്ററിൽ നടന്നു.

പാസ്റ്റർ പി. ജി. മാത്യൂസ് സമ്മേളനം വാർഷികം ഉദ്ഘാടനം ചെയ്തു. പാസ്റ്റർ കെ.സി. ജോൺ മുഖ്യ സന്ദേശം നൽകി. പാസ്റ്റർമാരായ പി.സി. ചെറിയാൻ, ഏബ്രഹാം ജോസഫ്, രാജൻ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. അടുത്തവർഷങ്ങളിൽ നടത്തുവാൻ ആഗ്രഹിക്കുന്ന വിവിധ പരിപാടികളുടെ അവതരണവും തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നാളിതുവരെയുള്ള പ്രവർത്തന അവലോകനവും ദൈവം നടത്തിയ വിധങ്ങളെ ഓർത്തുള്ള സ്തോത്ര പ്രാർത്ഥനയും നടന്നു. തിമഥി ക്വയർ സംഗീതശുശ്രൂഷക്കു നേതൃത്വം നൽകി. കഴിഞ്ഞ ഒരു പതിറ്റാണ്ടായി സഭകളോടു ചേർന്നു പ്രവർത്തിക്കുന്ന തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കുട്ടികളുടെ വിഭാഗമായ ചിൽഡ്രൻസ് ഫെസ്റ്റിന്റെ ഡയറക്ടറുമാർ തങ്ങളുടെ ശുശ്രൂഷയുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും, ചിൽഡ്രൻസ് ഫെസ്റ്റ് നടത്തിയ സഭകളുടെ പ്രതിനിധികൾ അവരുടെ സാക്ഷ്യങ്ങൾ പ്രസ്താവിക്കുകയും ചെയ്തു. വിവിധ സഭാ, സണ്ടേസ്കൂൾ, യുവജന നേതാക്കന്മാരും കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധികളും ഈ സമ്മേളനത്തിൽ ആശംസകളറിയിച്ചു.

# ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ഭാരവാഹികൾ

പത്തനംതിട്ട: ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് പുനലൂർ റീജിയൻ ഭാരവാഹികളായി പാസ്റ്റർ കെ. ജി. മാത്യു (പ്രസിഡന്റ്), പാസ്റ്റർ തോമസ് യോഹന്നാൻ (വൈസ് പ്രസിഡന്റ്), പാസ്റ്റർ വി. ജെ. തോമസ് (സെക്രട്ടറി), ബ്രദർ കെ. ഇ. ജോർജ്ജുകുട്ടി (അസോ.സെക്രട്ടറി), ബ്രദർ എം. പാപ്പച്ചൻ (ട്രഷറാർ), ബ്രദർ പി.എം. രാജൻ (ജോ.ട്രഷറർ) എന്നിവരെ കൂടാതെ കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തു. പ്രസിഡന്റ് പാസ്റ്റർ കെ. ജി. മാത്യു പുനലൂർ നോർത്ത് സെന്റർ പാസ്റ്ററും ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ജനറൽ സെക്രട്ടറിയുമാണ്. സെക്രട്ടറി പാസ്റ്റർ വി. ജെ. തോമസ് പത്തനംതിട്ട സെന്റർ പാസ്റ്ററും സഭാ മണ്ഡലം സെക്രട്ടറിയുമാണ്. പുനലൂർ നോർത്ത്, പുനലൂർ സൗത്ത്, പത്തനംതിട്ട എന്നീ സെന്ററുകൾ ചേരുന്നതാണ് പുനലൂർ റീജിയൻ.

Bringing You Closer to God
LANDWAY

# LANDWAY NEWS

Published From Pathanamthitta
Volume No. 2, Issue No.7 | Pages 8 | Price: Rs. 10/-

10 JULY 2016

Olive Thottathil, Thumpamon P.O., Pandalam, Pathanamthitta Dist, Kerala State, India - 689502; Phone: +91-9447440441, Email: landwaynews@gmail.com www.landwaynews.com

RNI-KERBIL/2015/62054.
Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.
Posted at RMS, Thiruvalla,
Posting Date: on 10/07/2016

## ഏലിയാവിന്റെ ദൈവം

**യിസ്രായേൽ മക്കൾക്ക് മരുഭൂമിയിൽ മന്നയും പാറയിൽനിന്ന് വെള്ളവും നൽകിയ ദൈവം തന്നെയാണ് ഏലിയാവിന് ഭക്ഷണപാനീയങ്ങൾ നല്കിയത്. സംശയം വേണ്ട...**



രാജു ആനിക്കാട്

പ്രവാചകന്മാരുടെ ചരിത്രം വളരെ വിസ്മയകരങ്ങളാണ്. അവരുടെ ശൈലികൾ എല്ലാം വേറിട്ടുനിൽക്കുന്നവയാണ്. ദൂത് സ്വീകരിക്കലും അത് അറിയിക്കലും വൈവിധ്യങ്ങളാൽ ശ്രദ്ധേയമായിരുന്നു. ന്യായാധിപന്മാരിൽ അന്ത്യനും പ്രവാചകരിൽ ആദ്യനും ശമുവേൽ ആയിരുന്നു. ഈ അർത്ഥത്തിൽ ആൽഫയും ഒമേഗയും എന്ന പ്രയോഗം ഈ പ്രവാചകനും യോഗ്യമാണ്.

ദാനിയേൽ, സെഖരിയാ, എന്നീ പ്രവാചക ശ്രേഷ്ഠർ പ്രധാനമായും കാഴ്ചയുടെ ആളുകളായിരുന്നു. ദർശനങ്ങളാണ് (Visions) ഇവരുടെ ദൂതു കൊണ്ടുവന്നിരുന്നത്. എന്നാൽ മീഖാ, യെശയ്യാവ് എന്നിവർ കേൾവിയുടെ (Prophets of hearing) പ്രവാചക പ്രതിനിധികളായിരുന്നു.

ഇവരുടെ സംവേദന ശൈലിയിൽ വാമൊഴിയും വരമൊഴിയും ഉണ്ടായിരുന്നു. മറ്റൊരു രീതിയായിരുന്നു അറിഞ്ഞ ദൂത് അനുഭവിച്ചും അഭിനയിച്ചും അറിയിക്കുന്നത്.

പ്രവചിക്കുകയും അത് എഴുതുകയും ചെയ്തവർ ഉണ്ടായിരുന്നതുകൊണ്ട് നമുക്ക് അത്തരം ഗ്രന്ഥങ്ങൾ ലഭിച്ചു. എന്നാൽ സ്വന്തം പേരിൽ പ്രവചനം എഴുതാതെ പോയവരിൽ പ്രമുഖരാണ് ഏലിയാവും ഏലിശയുമൊക്കെ. ഒരു പുസ്തകം രചിച്ചില്ലെങ്കിലും ഏറ്റവും ചെറിയ പ്രവചനം എഴുതിയ ആൾ എന്ന ഖ്യാതി ഏലിയാവിനു തന്നെയാണ്. നാല് വാക്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രവചനം ഇദ്ദേഹവും എഴുതിയിട്ടുണ്ട്.

പ്രവാസപൂർവ്വ പ്രവാചകരിൽ ധൈര്യത്തിനും അധൈര്യത്തിനും ശ്രദ്ധേയനായിരുന്നു ഏലീയാവ്. ആനക്കൊമ്പുകൊണ്ട് അരമന പണിതു വിരാജിക്കാൻ കഴിവുള്ള ആഹാബിനേപ്പോലൊരു ദുർമാർഗ്ഗിയോട് ദൂതറിയിച്ചാണ് ഇദ്ദേഹം ശ്രദ്ധിക്കപ്പെടുന്നത്. യിസ്രായേൽ രാജാക്കന്മാരിൽ വെച്ച് അധികം ദോഷം പ്രവർത്തിച്ചു എന്ന വിശേഷണമുള്ള രാജാവായിരുന്നു ഇയാൾ. ദൈവം ഇടിച്ച പണിയെ പിന്നെ പണിയുന്നത് ഇവന്റെ കാലത്താണ്. യോശുവയുടെ പ്രവാചകത്വം ഉറപ്പിക്കുന്ന സംഭവം ഇവിടെയാണ് അരങ്ങേറുന്നത്. ഏലിയാവ് പറഞ്ഞാൽ പറഞ്ഞതാണ്, പിന്നെ തിരുത്തി പറയുന്ന പ്രശ്നമില്ല. പറഞ്ഞ ദൂതിന്റെ പരിണിതഫലം പ്രവാചകനും അനുഭവിക്കുന്നുണ്ടെങ്കിലും ദൈവം പറഞ്ഞതിനു ശേഷമാണ് താൻ മഴയ്ക്കായി പ്രാർത്ഥിച്ചത്. പക്ഷേ ഇത്ര ധൈര്യശാലി ഈസബേലിന്റെ ഭീക്ഷണിയിൽ ഭയന്നു പോയി. എന്നാൽ ദൈവം കൈവിട്ടില്ല, തട്ടി ഉണർത്തി അടയും ദൂതും കൊടുത്ത് ദൂരയാത്രയ്ക്ക് പ്രചോദിപ്പിച്ചു. എന്നാൽ ദൈവത്തിന്റെ ദൂരം അളക്കുന്നതിൽ ഈ പ്രവാചകൻ പരാജയപ്പെട്ടു എന്നു വേണം കരുതാൻ. ഇന്നും ദൂരയാത്ര എന്ന് കേൾക്കുമ്പോൾ കടലിനക്കരയെക്കുറിച്ചുള്ള ദുരയുള്ളവരുണ്ട്. തിന്നുകുടിച്ച് നടന്നു ചെല്ലുന്നിടം ദൈവം ഉദ്ദേശിച്ചിരുന്നിടമാണോ എന്ന് പരിശോധിക്കണം. ഹോരേബിൽ ചെന്ന് ഗുഹയിൽ ഒളിച്ച ഏലിയാവിനോട് ഇവിടെ നിനക്കെന്തുകാര്യം എന്ന് ചോദിച്ചത് ദൈവയിഷ്ടം വിട്ടതുകൊണ്ടാണ്. ചൂരച്ചെടിയുടെ ചുവട്ടിൽ നിന്നും ഇരുന്നൂറ്റിതൊണ്ണൂറ് കിലോമീറ്റർ തെക്കായിരുന്നു ഹോരേബ്. ദൈവം അവനോട് സംസാരിച്ചതിന് ശേഷം നാനൂറ്റി എൺപതു കിലോമീറ്റർ വടക്കോട്ടു പോകേണ്ടിവന്നു. നേരെ തിരിച്ചു നടക്കുന്നതിന് മാനസാന്തരം എന്നു തന്നെയാണ് പറയേണ്ടത്. തിന്നുകുടിച്ച് സംതൃപ്തമാകുമ്പോൾ മൂക്ക് തിരിക്കുന്നതിലേ യാത്ര തിരിക്കുന്ന രീതി സമൃദ്ധിയുടെ സംഭാവനയാണ്.

മരണഭയത്തോടെ ഓടിവരുന്നവന് ഒരു ചൂരച്ചെടിയുടെ തണലെങ്കിലും ഇല്ലാതെ വരികയില്ല. മരണഭയം ബാധിച്ചവന് എങ്ങനെയാണ് ഉറങ്ങാനാകുക, അതും ഗാഢനിദ്ര. ദൂതൻ തട്ടീട്ടാണല്ലോ ഉണർന്നത്. വേദനാജനകമായ ശസ്ത്രക്രിയയ്ക്ക് അനസ്തീഷ്യ നൽകുന്നതുപോലെ മരണഭീതിയിൽ കഴിയുന്ന ഏലിയാവിന് ആത്മാവിന്റെ അനസ്തീഷ്യ ലഭ്യമായെന്നുപറയാം. യാക്കോബിനെ വാൾകൊണ്ട് കൊന്നശേഷം പത്രൊസിനെയും കൊലപ്പെടുത്താൻ തടവറയിൽ സൂക്ഷിച്ചിരിക്കുമ്പോൾ ദൂതൻ തട്ടി ഉണർത്തത്തക്കനിലയിൽ അദ്ദേഹവും ആ രാത്രിയിൽ ഗാഢനിദ്രയിലായയതായി കാണുന്നു.

ഏലിയാവിനുമുമ്പ് ഹോരേബിലെത്തിയ മോശെയോട് ദൈവം നിനക്കെന്താ ഇവിടെക്കാര്യം എന്ന് ചോദിച്ചില്ല. മോശെ മോഹിച്ച് മോഹിച്ച് അവിടെ എത്തിയതല്ല മേയിച്ച് മേയിച്ച് എത്തപ്പെട്ടതാണ്. അറിയാതെ എത്തി എന്നതിന്റെ തെളിവാണ് നീ നിൽക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാകയാൽ കാലിൽ നിന്ന് ചെരിപ്പ് അഴിച്ചുകളക എന്ന് ദൈവം പറയുന്നത്. ദൈവം കൊടുത്ത ആഹാരത്തിന്റെ ബലംകൊണ്ട് ദൈവം ആഗ്രഹിക്കാത്ത ഹോരേബിലെത്തിയതു കൊണ്ടാണ് ഏലിയാവിനോട് ദൈവം അങ്ങനെ ചോദിച്ചത്. യിസ്രായേൽ മക്കൾക്ക് മരുഭൂമിയിൽ മന്നയും പാറയിൽനിന്ന് വെള്ളവും നൽകിയ ദൈവം തന്നെയാണ് ഏലിയാവിന് ഭക്ഷണപാനീയങ്ങൾ നല്കിയത്. സംശയം വേണ്ട.

ഹോരേബിലെ സുരക്ഷിതസങ്കേതത്തിൽ ഇരിക്കുന്നവന്റെ ന്യായവാദം ഞാൻ യഹോവയ്ക്കുവേണ്ടി വളരെ ശുഷ്കാന്തിച്ചിരിക്കുന്നു എന്നതാണ്. പക്ഷേ ഇരിപ്പ് ഗുഹയിലാണ്. വചനവും ആരാധനയും പ്രവാചകന്മാരും അന്യമായ ഒരു സമയത്ത് ശുഷ്കാന്തിയുള്ളവൻ ഭയന്ന് ഗുഹയിലിരിക്കുന്നത് വിരോധാഭാസം.

യഹോവയില്ലാത്ത ശക്തിയുള്ള കൊടുങ്കാറ്റും, ഭൂകമ്പവും, തീയും ഒക്കെ ഒറ്റയ്ക്ക് നേരിടുവാൻ കരുത്തുള്ളവനാണ് ഏലീയാവെന്ന് ദൈവം തെളിയിച്ചു. ഏതായാലും മരുഭൂമിയിൽ മരിക്കാൻ ആഗ്രഹിച്ച ഏലീയാവ് രണ്ടര സഹസ്രാബ്ദങ്ങൾ പിന്നിട്ടിട്ടും മരണം കണ്ടിട്ടില്ല. ഇനി മഹോപദ്രവകാലത്തേ അവൻ മരണം അസ്വദിക്കയുള്ളൂ. ഇതാണ് ഏലീയാവിന്റെ ദൈവം.

*With best compliments from*

**DIVINE TRAVELS**

102, New four story, Vishal Enclave, Opp- Rajouri Garden Police Station, Tagore Garden, New Delhi-110027
Ph: 011-25195343/09810863352/09810485352/09910045352,
Email: csanju1975@yahoo.co.in, aaronsanju@gmail.com




AIR TICKTES ( DOMESTIC & INTERNATIONAL (24HRS SERVICE)
PASSPORT (FRESH & RENEWAL)
VISA ASSISTANCE
TRAIN TICKETS BOOKING
CURRANCY CHANGER ( DOLLAR SALE/ PURCHASE ON AMERICAN EXPRESS BANK RATES)




ട്രെയിൻ, വിമാന, ടിക്കറ്റുകൾ ബുക്ക്ചെയ്യുന്നതിനും,
പുതിയ പാസ്പ്പോർട്ട് എടുക്കുന്നതിനും
പഴയ പാസ്പ്പോർട്ട് പുതുക്കുന്നതിനും,
വിസാ സംബന്ധമായ കാര്യങ്ങൾക്കും സമീപിക്കുക.

**10th Wedding Anniversary**



Simon Chennithala & Saramma Simon

*Best Compliments from Landway News*

## എബിൻ ഷിബുവിന് ഉജ്ജ്വല വിജയം

ആയൂർ പുത്തൻപുരയിൽ വീട്ടിൽ പാസ്റ്റർ ഷിബു ജോർജ്, ഷീജ ദമ്പതികളുടെ മകൻ എബിൻ ഷിബു ഈ വർഷത്തെ 10-ാം ക്ലാസ് പരീക്ഷയിൽ പള്ളിമൺ സിദ്ധാർത്ഥ സെൻട്രൽ സ്കൂളിൽ നിന്നും എ-വൺ നേടി. പിതാവ് എഴുത്തുകാരനും, ലാൻഡ്വേ ന്യൂസിന്റെ കേളര റിപ്പോർട്ടറുമാണ്. ലാൻഡ്വേ ന്യൂസിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**എ– വൺ നേടി (CBSC)**



എബിൻ ഷിബു

## ലാൻഡ്വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| Size | Multicolour | Black & White |
|---|---|---|
| Frontside Half | 12,000/- | NIL |
| Full Page (Back) | 12,000/- | NIL |
| Half Page (Back) | 8,000/- | NIL |
| Quarter Page (Middle) | 5,000/- | NIL |
| 10 Cm X 3 Column | 4,000/- | 2,000/- |
| 10 Cm X 2 Column | 3,000/- | 1,500/- |
| 5 Cm X 2 Column | 1,500/- | 750/- |
| Minimum 5 cm X 1 Column - Rs. 600/- (BW) | | |
| Matrimonial - Rs 600/- for 4 Issues Rs. 1800/- (BW) | | |

**വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയയ്ക്കേണ്ട ലാൻഡ്വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.**

*Office Address*
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

## ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള ലാൻഡ്വേ ന്യൂസ് വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഇന്ത്യയ്ക്ക് പുറത്തുള്ള ചില രാജ്യങ്ങളിൽ നിന്നും സംഘടനകളുടെ പേരിൽ സംഭാവന അയയ്ക്കാൻ അനുവദനീയമല്ല. അങ്ങനെയുള്ള രാജ്യങ്ങളിൽ നിന്നും വരിസംഖ്യകളും സംഭാവനകളും അയയ്ക്കുന്നവർ താഴെക്കാണുന്ന ബാങ്ക് വിലാസത്തിൽ അയയ്ക്കുക.

Santhosh Pandalam
A/C No: 14170100002307,
Federal Bank, Pandalam Branch,
Pathanamthitta Dist.,
Kerala, India

IFSC Code: FDRL0001417
MICR Code: 689049476

Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.